
# E മാഗസിൻ




St Mary's HS for girls, payyannur

LITTLE KITES 2022-25

# 'E' ജാലകം

# ആമുഖം

പ്രിയപ്പെട്ടവരെ,

പാഠപുസ്തകത്തിൽ നിന്നതീതമായി ഒരു അറിവിൻെറയും കലാസൃഷ്ടിയുടെയും ലോകം ഈ ഭൂമിയിലുണ്ട്.. ആ ലോകത്ത് ഭാവനയാലും അനുഭവത്താലും നിരവധി സാഹിത്യസൃഷ്ടികൾ പിറവി കോള്ളുന്നു. അത് സ്വന്തം മാതൃഭാഷയിലാണെങ്കിൽ വാക്കുകളുടെ പ്രയോഗവും അർഥത്തിൻെറ ആഴവും വർദ്ധിക്കും.

സ്വന്തം മനസ്സിൽ ഒളിഞ്ഞുകിടന്ന സാഹിത്യപരമായ കഴിവിനെ പുറത്തുകൊണ്ടു വരാൻ ഈ മാഗസീൻ വഴി സാധിച്ചു.

ഞങ്ങളുടെ സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും വ്യകതിപരമായ കഴിവ് ഈ മാഗസീനിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും ഭാവനയാലും അനുഭവഞ്ജാനത്താലും ഈ മാഗസീൻ സമൃദ്ധമാണ്. ഓരോ അംഗങ്ങളുടെയും സാഹിത്യലോകമാണ് ഇനിയുള്ള താളുകളിൽ......



Dear students,

I express my deepest sense of appreciation to the entire team of Little Kites for  bringing out this creative magazine *E ജാലകം* which I believe reflects their consistent endeavour in making learning joyful and meaningful. I also congratulate the members of editorial board & the teachers who guided the *Little kites* to soar in the vast sky exercising their imagination. Fly and fly in the deep blue sky and embrace success utilising this platform in the pursuit of excellence..

Sr.ANJALI CHACKO
HM,St Mary's HS for girls, payyannur



*Dears,*

*It is with immense pleasure and boundless appreciation to the entire Team of Little Kites of our School, for bringing out the pretty E - magazine, which reflects your excellence and potentials ' ' l hope this will bring big Impact not only in the classrooms but also in your Personal lives too. It encourages the budding writers, motivates the young readers, and makes an appropriate platform, for students , to expose their wide variety of Knowledge and Imaginations. I Congratulate all who worked behind this... Let it be a beginning ..... a beginning for the new horizon !*

Sr.Reji UMI

**ASST.HM,** St. Mary's HS for girls,Payyannur



ജാലകങ്ങൾ പുറത്തെ വൈവിധ്യമുള്ള കാഴ്ചകളിലേക്ക് തുറക്കുന്ന വാതായനങ്ങളാണ്. സൂര്യൻ്റെ മനോഹരമായ ഉദയം ഒരു വശത്തുനിന്നും കാണാൻ കഴിയുമ്പോൾ വൈകുന്നേരം മറുവശത്ത് അസ്തമയ സൂര്യൻ്റെ ചായം തേച്ച ആകാശം കാണം.
ജീവിതത്തിൻ്റെ വേഗതയിൽ പെട്ടുഴലുന്ന മനുഷ്യ ജീവിതങ്ങളുടെ യഥാർത്ഥ ചിത്രീകരണങ്ങളാണ് ജനാലകൾ നമ്മൾക്ക് പ്രദാനം ചെയ്യുന്നത്.
കുട്ടികൾ ഇ-ജാലകത്തിൽ അവരുടെ വിവിധങ്ങളായ കഴിവുകൾ വരച്ചിടുകയാണ്. സെൻ്റ് മേരീസ് സ്ക്കൂളിലെ ലിറ്റിൽകൈറ്റ്സ് തയ്യാറാക്കിയ ഇ ജാലകം എന്ന മാഗസിൻ അവരുടെ സർഗ്ഗഭാവനയുടെ നേർക്കാഴ്ചകളാണ്.
ഇതിൻ്റെ പിന്നിൽ പ്രവർത്തിച്ച ഏവരെയും അഭിനന്ദിക്കുന്നു.
ഈ പ്രവർത്തനത്തിന് എൻ്റെ ആശംസകൾ

Jayachandran.K
Pricipal,GHSS RAVANESWARAM



Dears'

I find myself drawn to a group of young souls who embody the essence of enthusiasm, creativity, and solidarity – the remarkable team of Little Kites, 2022 -25 batch. Dears, I extend you my deepest appreciation and heartfelt congratulations to your creative endeavour, "E – JALAKAM" (Digital Magazine). Your enthusiasm is contagious, your determination unwavering, and your creativity boundless. With every project, every presentation, and every performance, you demonstrate the true essence of teamwork, collaboration, and resilience. Your willingness to support one another, to embrace diversity, and to celebrate each other's strengths is truly commendable. As you continue on your journey of discovery and exploration, remember that the sky is not the limit – it is only the beginning. Let your imaginations soar, let your dreams take flight, and let your hearts be filled with the boundless possibilities that lie ahead. To the extraordinary team of Little Kites, I offer my deepest expectations and genuine congratulations. Thank you for inspiring us all with your passion, your creativity, and your unwavering commitment to excellence. May your journey be filled with endless joy, success, and fulfillment.

With warmest regards,

Sr.Jyothi Maria (Little Kites mistress)



Dear students,

I am honored to extend my heartfelt congratulations and admiration to the creators and contributors of E-magazine named E- Jalakam. This platform not only showcases the remarkable talents of Little kites students of our school but also provides a valuable outlet for their creativity.

The dedication and effort that have gone into the making of this E-magazine are truly commendable. By nurturing and highlighting the artistic and literary talents of young minds, we can foster a culture of creativity and inspire others to pursue the passions.

I congratulate the entire team behind E-Jalakam for their outstanding work and extend my best wishes for the success in all their future endeavors.

Warm regards,

Reena Chandrasekharan
Little kites Mistress

# EDITORIAL BOARD



DILMANA



VEDA .S



ARUNIMA



DEVAMRUTHA



RASHA RASHID



DEVAPRIYA
Cover page designer



# ഉള്ളടക്കം


*പുസ്തകങ്ങൾ- കവിത

*പുതുമഴ-കവിത

*ഭയം-കഥ

*പുലരി തൻ സൗന്ദര്യം-കവിത

*കടൽ തീരം-കവിത

*ആരും അറിയാതെ- അനുഭവക്കുറിപ്പ്

*അവൾ-കവിത

*നക്ഷത്രം-കവിത

*രണ്ട് സുഹൃത്തുക്കൾ- കഥ

*ഒരു കൂട്ടം-കവിത

*അമ്മ- കവിത

*നിങ്ങളുടെ ജീവിതത്തിലെ ടൈമർ- ലഘുകുറിപ്പ്

*സൗഹൃദം- കവിത

*തണൽമരം- കവിത

*അതിജീവനം- കഥ

*അമ്മ- കവിത

*വായിലാക്കുന്നിലപ്പൻമാർ- കവ്ത

*കണ്ണീർമഴ- കഥ

*രാവ്- കവിത

*കൊതുക്- കവിത

*അമ്മ- ലഘുകുറിപ്പ്

*പുഴ ഒഴുകുമ്പോൾ-കവിത

*എന്റെ മലയാളം-കവിത

*ചലന ചിത്രം-വിവരണം

*ബാല്യം-കവിത

*പ്രകൃതിയുടെ മാധുര്യം- കവിത

*സ്വർഗ്ഗത്തിലേക്ക് ഒരു കത്ത്- കഥ

*സൗഹൃദം- കവിത

*എന്നും എപ്പോഴും- കവിത

*ഭൂമി എന്ന അമ്മ- വിവരണം

*സമുദ്രം- കവിത

*അമ്മ അറിയാതെ- കവിത

*ഇമിഗ്രേഷൻ ഗെയിം- ഉപന്യാസം

*ശ്യാമവും ഗോലുവും- കഥ

*പ്രകൃതിയുടെ സൗന്ദര്യം- കവിത

*പ്രകൃതി- കവിത

*മര്യാദ-കഥ

*അമ്മ അറിയാതെ-കവിത

*മനുഷത്വം-കഥ

*നിഴൽ- കവിത

*തിരിച്ചറിവ്-കഥ


*വ്യർത്ഥമായി- കവിത

*ഉയരങ്ങളിലേക്ക്-കഥ

# പുസ്തകങ്ങൾ

-ദിയ മേരി

---



അക്ഷരവെളിച്ചത്താൽ നമ്മെ തഴുകുന്ന
പകലുകളാകുന്നു പുസ്തകങ്ങൾ

അറിവിന്റെ നാളങ്ങൾ നമ്മളിലുണർത്തുന്ന
ജ്വാലകളാകുന്നു പുസ്തകങ്ങൾ

അന്ധമാം ലോകത്തിൻ ഇരുളിൽ നാം മുങ്ങുമ്പോൾ
നിറതിങ്കളാകുന്നു പുസ്തകങ്ങൾ

വിശക്കും മനസ്സിനെ അറിവാൽ തഴുകുന്ന
പൊൻകതിരാകുന്നു പുസ്തകങ്ങൾ

മനസ്സെന്ന ചൂളയിൽ ആശയങ്ങൾ വാർക്കും
ആയുധമാകുന്നു പുസ്തകങ്ങൾ

സമരങ്ങളാകുന്നു പുസ്തകങ്ങൾ,
ഗർജനങ്ങളാകുന്നു പുസ്തകങ്ങൾ

അമ്മയായ് മാറുന്നു പുസ്തകങ്ങൾ
ജീവിതമാകുന്നു പുസ്തകങ്ങൾ

# പുതു [illegible]

ശക്തിയിൽ ഭൂമിയെ സ്പർശിക്കുന്ന
മഴതുള്ളികൾ പിന്നീട്
ക്ഷീണിച്ച് ചാറ്റൽ മഴകളാകുന്നു...... ചാറ്റൽ മഴ
ഇളം കാറ്റിൽ ആടിക്കളിക്കുന്ന
പച്ചിലക്കൂട്ടങ്ങൾ...
ആകെ പുതുമണ്ണിന്റെ സുഗന്ധം
മുറ്റത്തു നിറഞ്ഞ മഴ വെള്ളത്തിൽ
കളിവഞ്ചികളൊഴുക്കുന്ന കുരുന്നുകൾ
ഇളം കാറ്റിന്റെ കുളിരുകോരുന്ന തണുപ്പിൽ
വരാന്തയിലിരുന്നാസ്വദിക്കാൻ
എന്തു സുഖം ...എന്തു സുഖം..
-വിസ്മയ ഹരീഷ്

# ഭയം

പണ്ടൊക്കെ സ്കൂളിൽ പഠിക്കുമ്പോൾ ശ്രദ്ധയില്ലാതെ നടന്നുനടന്നു പല അപകടങ്ങളിലും ,തൊട്ടു തൊട്ടില്ല എന്ന അവസ്ഥയിലെത്തുമ്പോൾ കൂട്ടുകാരുടെ പതിവ് ഡയലോഗ് ഉണ്ട്, "എന്താ നീ ചവാൻ പോവാണോ?"എന്ന് .അന്ന് അതിനു "മരിക്കാൻ എനിക്ക് പേടി ഒന്നുല്ലാന്ന് " ഒരു കൂസലുമില്ലാതെ കണ്ണുമടച്ച് പറയുമ്പോൾ, ബുദ്ധിയുറക്കാത്ത ആ പ്രായത്തിൽ, കേവലം കൂട്ടുകാർക്കുള്ള ചുട്ട മറുപടി എന്നതിലപ്പുറം ഒരു അർത്ഥവും ഞാൻ അതിനു നൽകിയിട്ടുണ്ടായിരുന്നില്ല. പകൽ....

അടക്കിപിടിച്ച തേങ്ങലുകളും,പരിഭവങ്ങളും കരച്ചിലുകളും ഒക്കെ കേട്ടാണ് കണ്ണ് തുറന്നത്. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി മുന്നിൽ നിൽക്കുന്ന വീട്ടുകാരെയും, നിസ്സഹായനായി നോക്കി നിൽക്കുന്ന ഡോക്ടർ നെയും കണ്ടപ്പോഴും നേരത്തെ ഞാൻ പറഞ്ഞിരുന്നില്ലേ 'മരിക്കാൻ എനിക്ക് പേടിയില്ലാന്ന് 'അതിൽനിന്നും ഞാൻ ഒരടിപോലും പിന്നോട്ട് വച്ചിട്ടില്ലായിരുന്നു. കാരണം എന്താണ് നടന്നുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കാൻ ഉള്ള സാവകാശം കിട്ടുന്നതേ ഉള്ളൂ.... ജീവിക്കാൻ തുടങ്ങുന്നതിനുമുന്നേ ജീവിതം അവസാനിക്കുകയായി എന്നറിഞ്ഞുകൊണ്ട് 'the last day on earth' അഥവാ ഭൂമിയിലെ അവസാന നിമിഷവും കാത്തു കിടക്കേണ്ട അവസ്ഥയെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?എന്നാൽ കരഞ്ഞുകലങ്ങി വീർത്ത കണ്ണുകളുമായി നോക്കിനിൽക്കുന്ന വീട്ടുകാരുടെ മുന്നിൽ വച്ച് ഡോക്ടർ "തനിക് ഇനി വിരലിലെണ്ണാവുന്ന ദിവസങ്ങൾ മാത്രമേ ആയുസ്സുള്ളൂ എന്ന് പറഞ്ഞപ്പോൾ മരവിച്ച് പാവയെപ്പോലെ നിൽക്കാൻ അല്ലാതെ വേറൊന്നും എന്നെകൊണ്ട് കഴിയുമായിരുന്നില്ല. ഒരുനിമിഷം നിശ്ചലമായ മനസ്സ്. എന്താണ് കഴിഞ്ഞ

കുറച്ചു മണിക്കൂറുകളായി എന്റെ ജീവിതത്തിൽ നടന്നുകൊണ്ടിരിക്കുന്നതു എന്ന് ഓർത്തു എടുക്കാൻപോലും കഴിയുന്നി



ല്ല. ഇനിയെന്ത് ചെയ്യണം ഞാൻ ? എന്നെ സ്നേഹിക്കുന്നവർ ? ഞാൻ എല്ലാവരെയും സ്നേഹിച്ചു തീർന്നാരുന്നോ? ഇനിയെന്തൊക്കെ എനിക്ക് ചെയ്തു തീർക്കാൻ ബാക്കിയുണ്ട്? ഞാൻ ഈ ഭൂമിയിൽ നിന്നും യാത്രപറയാൻ പോകുകയാണ്. എല്ലാവരോടും യാത്രപറയേണ്ടേ? അവസാനമായി എല്ലാവരെയും കാണണ്ടേ? കൂട്ടുകാരോടൊത്തു കറങ്ങാൻ പോകണ്ടേ? വീട്ടിൽ അനിയനുമായി തല്ലുകൂടണ്ടേ? അമ്മയെയും അച്ഛനെയും കെട്ടിപിടിച് ഉറങ്ങണ്ടേ? വയലിൻ പഠനം പൂർത്തിയാക്കി,ഒരു violinist ആകണ്ടേ? ഇങ്ങനെ ഉത്തരമില്ലാത്ത ഒരു നൂറുചോദ്യങ്ങൾ എന്റെ മനസ്സിലൂടെ കടന്നുപോയ നിമിഷം. ഒരു തുള്ളികണ്ണുനീർ പോലും പൊഴിക്കാതെ ആ കിടക്കയിൽ ഞാൻ നിശ്ചലയായി ഇരുന്നു. "ഇല്ല... മരണത്തെ എനിക്ക് ഭയമാണ്...മരിക്കാൻ എനിക്ക് പേടിയാണ്"...!

ജീവിതത്തിൽ ഓർക്കാൻ ഇഷ്ടപെടാത്ത ദിവസം ഏതാണെന്നു ചോദിച്ചാൽ ഞാൻ ഇന്നലെ എന്ന് ഒട്ടും സംശയമില്ലാതെ പറയും. കാരണം എന്റെ ജീവിതത്തിനു 'ടൈമർ' ഇട്ടത് ഇന്നലെ ആണല്ലോ.അല്ലാ, "നീ ഇന്ന് കൂൾ ആണല്ലോന്ന് "ആയിരിക്കും ലേ ചിന്തിക്കുന്നത്.ഇത്രയും നാൾ പേടിയില്ലന്ന് പറഞ്ഞുനടന്നിട്ട്,പെട്ടെന്ന് അങ്ങെനെ അടിയറവു പറയാൻ ഒക്കുമോ? ഇന്നലെ ബഹളങ്ങൾക്കൊടുവിൽ ഡോക്ടർ അടുത്തുവന്ന് സംസാരിച്ചു. ചെറിയൊരു കൗൺസിലിങ് സെഷൻ എന്ന് വേണമെങ്കിൽ പറയാം.കൂട്ടത്തിൽ ഡോക്ടർ ന്റെ കുറച്ചു അനുഭവങ്ങളും പറഞ്ഞു. ഡോക്ടർ, ആളൊരു ചെറിയ

എഴുത്തുകാരൻ ആണെത്രേ. പണിപ്പുരയിൽ ഇരിക്കുന്ന പുസ്തകത്തിൽ,മരണം ദിവസങ്ങൾ ദൂരത്തിൽ ഇരിക്കവേ അതിനെ മനോധൈര്യം കൊണ്ട് തോൽപിച്ച 'miracle girl' ആയി എന്നെ എഴുതണ മെന്നാണ് മൂപ്പരുടെ ആഗ്രഹം.ആളെന്നെ ഒന്ന് ഉഷാറാക്കിയതാണെങ്കിലും, ബാക്കിയുള്ള ദിവസങ്ങൾ കരഞ്ഞുതീർക്കാൻ ഞാൻ തയ്യാറല്ലായിരുന്നു. പക്ഷെ എന്റെ കഥ ഞാൻ എഴുതും. അവസാനപേജ് ഡോക്ടർക്ക് പൂരിപ്പിക്കാം. കാരണം അതുതന്നെയാണ് എന്റെ

ജീവിതത്തിലെയും അവസാന പേജ്.

എനിയങ്ങോട്ടുള്ള ഓരോ നിമിഷവും എന്ത് ചെയ്യണം എന്ന് പ്ലാൻ ചെയ്ത് വേണം നീങ്ങാൻ.ഒരുപാടു കാര്യങ്ങൾ ഒന്നിച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ല. ഒരാഗ്രഹം മാത്രം. പ്രിയപെട്ടവരെ അവസാനമായി ഒന്ന് കാണുക, സംസാരിക്കുക, സമയം ചിലവഴിക്കുക, സന്തോഷത്തോടെ യാത്രപറയുക..., എന്നെന്നേക്കുമായി.... ഇതായിരുന്നു വളരെ നേരത്തെ ആലോചനയ്ക്ക് ഒടുവിൽ ഞാൻ കണ്ടെത്തിയത്. ഡോക്ടർനോട് അവതരിപ്പിച്ചപ്പോൾ സമ്മതം. അല്ലേലും അവസാന ആഗ്രഹം സാധിച്ചുതരാതെ പറ്റില്ലല്ലോ...

പിന്നീട് എന്റെ ആഗ്രഹംപോലെ എന്നെക്കാണാൻ പ്രിയപ്പെട്ടവർ ഒന്നൊന്നായി വരാൻ തുടങ്ങി. കൂട്ടുകാർ, നാട്ടുകാർ, ബന്ധുക്കൾ, അധ്യാപകർ അങ്ങനെ മരണത്തെ പേടിയില്ലാത്ത എനിക്ക്,മരണത്തെ ഭയക്കാൻ മാത്രം എന്റെ ജീവിതം മനോകരമാക്കിയ ഓരോരുത്തരും വന്നു. പിടയുന്ന മനസ്സോടെ കണ്ണുനീർ അടക്കി പിടിച്ച പുഞ്ചിരിയോടെ മാത്രം എന്നോട് സംസാരിക്കാൻ ശ്രമിച്ച ഓരോരുത്തരും, യാത്രപറഞ്ഞിറങ്ങുമ്പോൾ ഇനിയൊരു കൂടിക്കാഴ്ച ഇല്ല എന്ന സത്യത്തെ ഒരു അലർച്ചയോടെ മുറിക്കു പുറത്ത് പൊട്ടിക്കരയുന്നത് എന്റെ കാതുകളിൽ അലയടിച്ചു. "മരിക്കാൻ എനിക്ക് പേടിയാകുന്നു... മരണത്തെ എനിക്ക് ഭയമാണ് "...!

ദിവസങ്ങൾ ഓരോന്നായി കൊഴിഞ്ഞുകൊണ്ടിരുന്നു.

എന്റെ ആരോഗ്യം ദിവസം കഴിയുംതോറും വഷളായികൊണ്ടിരുന്നു. എന്നെ സ്നേഹിക്കുന്നവർ എന്തോരം പേരാണ് എന്ന് ഞാൻ തിരിച്ചറിഞ്ഞ നാളുകളായിരുന്നു അതൊക്കെ.എനിക്ക് വേണ്ടി പ്രാർത്ഥിക്കുന്നവർ, എനിക്ക് വേണ്ടി കണ്ണുനീർ പൊഴിക്കുന്നവർ, എന്നെയോർത്ത് ഊണും ഉറക്കവും നഷ്ടപ്പെട്ടവർ... ഞാനെത്ര ഭാഗ്യവതിയാണ്.

ഇനി എനിക്ക് എഴുതാൻ വയ്യ. എന്റെ കൈകൾക്കു കരുത്തു നഷ്ടപ്പെട്ടു തുടങ്ങിയിരിക്കുന്നു. മനസ്സിന്റെ ധൈര്യവും ചോർന്നുകൊണ്ടിരിക്കുന്നു. ശരീരമാസകലം വേദനയാണ്. അതുകൊണ്ട് എന്റെ ഈ എഴുത്ത് ഞാൻ ഇവിടെ നിർത്തുന്നു. അവസാന പേജ് ഡോക്ടർ ന്റെ കൈകളിലാണ്. ഡോക്ടർ പറഞ്ഞപോലെ 'miracle girl' ആവാൻ എന്നെകൊണ്ട് കഴിയുമെന്ന് തോന്നുന്നില്ല.മരണം ചില്ലറകാരനല്ല. ഭയാനകമാണ്."മരിക്കാൻ എനിക്ക് പേടിയാണ്... മരണത്തെ എനിക്ക് ഭയമാണ്...."

--- അന്ന

-വേദ എസ്

# പുലരി തൻ സൗന്ദര്യം

**സൂര്യന്റെ** ഒരു തുള്ളി പൊൻവെളിച്ചം
പൂവിൻ കുമ്പിളിലെത്തിടുമ്പോൾ
ചക്കരമാവിൽ മറഞ്ഞിരിക്കും
കാണാകുയിലേ പാടുനീ
മുറ്റം വെളുത്തപ്പോൾ കണ്ടുചാരേ
മറ്റൊരു പൂവിലായി മഞ്ഞുതുള്ളി
തുമ്പി പെണ്ണേ ചങ്ങാതി
വിണ്ണിൽ പാറാൻ ഞാനും വരാം
കണ്ണുണർന്നും കാലുറച്ചും
ഉള്ളുണർന്നും പോകവേണം
പുലരികൾ മഞ്ഞിൽ വിറച്ചിടുമ്പോൾ
കുയിലമ്മ തൻ പാട്ടേതാണ്?
കാണുന്ന ഞാനീ പുലരിയെന്നും
മനോഹരയാമങ്ങളി പുലരി.

-സർഗ സുധീർ സി

# കടൽതീരം

കടൽത്തീരം നോക്കി നിൽക്കവേ
ആരോ കാത്തുനിന്നിടും  പോലെ
തിരമാലകളോ അതോ കാറ്റോ
കൊണ്ടിടാം ഞാൻ  നല്ലതിനായ്
ചിമ്മില്ല മിഴികൾ ഞാൻ
മൂടില്ലാ ശ്രവണങ്ങൾ ഞാൻ
വരുവാൻ ഉള്ളവ വരുകിലെ
എന്തിനു കണ്ണീർ
തുളുമ്പിടും വീണ്ടും
യാത്രയല്ലേ  ഈ ജീവിതം
കാത്തിരിക്കാൻ വയങ്കിലും
കാണുകിലെ ഒരു നാൾ
തെളിമാനം വരുകിലേ
തെന്നലായ് മാറുമി നിമിഷങ്ങൾ
വീണ്ടും വീണ്ടും ....
-ഷിബില ഫാത്തിമ

# ആരും അറിയാതെ.....

അച്ഛമ്മയെ കുറിച്ചുള്ള അച്ഛൻെറ ഓർമ്മകൾക്ക് ആയിരം നാവാണ്.വയൽ വരമ്പുകളിലും തെങ്ങിൻ തോപ്പുകളിലും അമ്മയുടെ കൈകൾ പിടിച്ച് നടന്നതും കൊയ്ത്തകറ്റകൾ മെതിച്ചതും എത്രയോ വട്ടം അച്ഛൻ പറഞ്ഞിരിക്കുന്നു.

അന്ന് ഒരു ജനവരി 4.ഒരു തണുത്ത വെളുപ്പാൻ കാലം.ആരുടേയോ ഫോൺ കോൾ വന്ന ഉടനെ അച്ഛൻ എന്നയെയും അമ്മയെയും ചേട്ടനെയും അടുത്ത് വിളിച്ചു പറഞ്ഞു:
"പോകണം നാട്ടിലേക്ക്, ഉടനെ.."

എനിക്ക് ഒന്നും മനസ്സിലായില്ലെങ്കിലും അമ്മ എന്നയെയും ഏട്ടനെയും വേഗത്തിൽ ഡ്രസ്സ് ചെയ്യിപ്പിച്ചു."എന്തിനാ അച്ഛാ ഇത്ര രാവിലെ നാട്ടിൽ പോകുന്നത് സാധാരണ രാത്രിയല്ലേ നമ്മൾ പോവ്വാ?"ചേട്ടൻ കണ്ണുകൾ തിരുമ്മിക്കൊണ്ട് ചോദിച്ചു.

"ശൂ..."അമ്മ വിലക്കി.അച്ഛൻെറ നനവുപടർന്ന കണ്ണുകൾ ഞാൻ കണ്ടു...പിന്നെ ഒന്നും ചോദിച്ചില്ല. നൗഷാദ് മാമൻെറ ഓട്ടോയിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ എത്തി. ചേട്ടൻ പറഞ്ഞു:"ട്രെയിൻ നേത്രാവതിയാണ്.അങ്ങ് മുംബൈ വരെ പോകുന്ന ട്രെയിനാ". യാത്രയിലുടനീളം അച്ഛൻെറ മൗനമാണ് ഞാൻ കണ്ടത്. ട്രെയിനിൽ കയറി അധികം വൈകാതെ ഞാൻ ഉറങ്ങിപ്പോയി. ഉച്ചവെയിലിൻെറ ചൂടിൽ വെന്തുരുകുമ്പോഴും അച്ഛന്റെ നിസംഗമായ ഇരിപ്പ്

തുടർന്നു. മനസ്സിലൂടെ ആയിരം ഓർമ്മകൾ മിന്നിമറയുന്നതുപോലെ. വയലും തോടും കുന്നുകളും മിന്നിമറയുമ്പോൾ ആ വയലുകളിലൊക്കെ അച്ഛമ്മ നിറയുന്നതുപോലെ എനിക്ക് തോന്നി. ഒടുവിൽ വെയിൽ മടങ്ങി. കുറേശ്ശെ ഇരുട്ടു തുടങ്ങി. വണ്ടി പയ്യന്നൂർ റെയിൽവെ സ്റേഷനിൽ എത്താൻ പോകുന്നു. അമ്മ ഞങ്ങളെ റെഡിയാക്കി. വണ്ടിയിറങ്ങി വല്യച്ഛൻ ഓട്ടോയുമായി കാത്തുനിൽക്കുകയായിരുന്നു . അച്ഛൻ അപ്പോളും ഒന്നും സംസാരിക്കുന്നില്ല. മരണമെന്ന വാക്കിന്റെ വിഹ്വലത അന്നൊന്നും ഞാൻ അറിഞ്ഞില്ല. ഓട്ടോ എത്തി. ഞങ്ങൾ ഇറങ്ങി. വേച്ചു വേച്ചു നടന്നു പോകുന്ന അച്ഛനെയാണ് ഞാൻ കണ്ടത്. തണുത്ത് വിറങ്ങലിച്ച് കിടക്കുന്ന അച്ഛമ്മയുടെ മൂർദ്ധാവിൽ തെരുതെരെ അച്ഛൻ ചുംബിച്ചുകൊണ്ട് അച്ഛമ്മയെ തട്ടി വിളിച്ച് പറഞ്ഞു: ”ഞാൻ വന്നു” കേൾക്കാൻ ചുറ്റുമുള്ളവർ മാത്രം. ആ ചുംബനങ്ങൾ അവരുണ്ടോ അറയുന്നു. അച്ഛനെ കാത്ത് എത്രയോ മണിക്കൂറുകൾ തണുപ്പിന്റെ കൂടാരത്തിൽ കിടന്ന അച്ഛമ്മയെ ഞാൻ വാരിപ്പുണർന്നു.

വീണ്ടും അച്ഛൻ അച്ഛമ്മയെ കുലുക്കി വിളിച്ചു. അമ്മേ ഞാൻ വന്നു.... അമ്മയറിയാതെ .... ആ വാക്കുകൾ അന്തരീക്ഷത്തിൽ അലിഞ്ഞലിഞ്ഞ് ഇല്ലാതായി.

-ആരുണിമ ആർ കെ

# അവൾ

കത്തിയെരിയുന്ന വെയിലത്തും രാത്രിയുടെ അരണ്ട വെളിച്ചത്തിലും
എന്റെ കൂടെ നേരം പോകുന്നതിനൊപ്പം
ചില മാറ്റങ്ങൾ കൂടിയും കുറഞ്ഞും ഇടത്തും വലത്തുമായി
എവിടെയാണെങ്കിലും എന്നാണെങ്കിലും ഒരു നിറം മാത്രം
ജനനം മുതൽ മരണം വരെ എന്റെ കൂടെയുണ്ട്
മാഞ്ഞു പോയാൽ നിമിഷങ്ങൾക്കകം തിരിച്ചുവരും
മനസ്സിന്റെ കണ്ണാടി പാദസരം മുഴങ്ങുന്നില്ല
എന്റെ സ്വകാര്യതകൾ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു
ഏകാന്തത പ്രത്യക്ഷമാക്കുന്നു
സങ്കടങ്ങൾ മാത്രം എന്നോട് പറഞ്ഞിട്ടില്ല
എന്നെക്കാൾ ഏറെ വേദനകൾ കടിച്ചമർത്തി
എത്ര വായിച്ചാലും തീരാത്ത വലിയ പാഠപുസ്തകം ആണ്
എന്തൊക്കെയോ മറച്ചുപിടിക്കുന്നു
ഇനിയെങ്കിലും നിനക്കൊന്ന് പൊട്ടിക്കരഞ്ഞു കൂടെ,
ശബ്ദം ഉയർത്തിക്കൂടെ,
സ്വസ്ഥമല്ലാത്ത മനസ്സിനെ ശാന്തമാക്കി കൂടെ,
എന്തിരുന്നാലും നീ എന്റെ കൂടെയുണ്ട്...

-ശീതൾ പി വി

# നക്ഷത്രം

ആകാശ ഗോപുരത്തിൽ നക്ഷത്രങ്ങൽ
ജ്വലിക്കുന്നു പ്രകാശത്താൽ
ഭൂമിതൻ ജീവിതനൗകയിൽ
നന്മയാർന്ന പൂമരത്തെ തീർത്തു
സ്ഫടികതയിൽ നിഷ്പ്രഭമാക്കി
എന്നാൽ പോലുമാ പ്രകാശം
ഇന്നും പ്രഭ ചൊരിയുന്നു
മനസ്സുകളിൽ നിന്നും മനസ്സുകളിലേക്ക്

-സതീർത്തന പി സി

# രണ്ട് സുഹൃത്തുക്കൾ

പണ്ട് കേരളത്തിലെ ഒരു ചെറിയ ഗ്രാമത്തിൽ രവിയും സുരേഷും എന്ന് പേരുള്ള രണ്ട് ഉറ്റ സുഹൃത്തുക്കൾ താമസിച്ചിരുന്നു. അവർ വേർപിരിയാത്തവരായിരുന്നു, എല്ലാം ഒരുമിച്ച് ചെയ്തു. അവർ ഒരേ സ്കൂളിൽ പഠിച്ചു, ഒരുമിച്ച് കളിച്ചു, അവരുടെ ജോലികളിൽ പോലും പരസ്പരം സഹായിച്ചു.

ഒരു ദിവസം രവിയുടെ കുടുംബം സാമ്പത്തിക പ്രതിസന്ധിയിലായി. അവന്റെ അച്ഛന്റെ ജോലി നഷ്ടപ്പെട്ടു, അവർ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുകയായിരുന്നു. തന്റെ കുടുംബത്തെ എങ്ങനെ സഹായിക്കണമെന്ന് അറിയാതെ രവി വിഷമിച്ചു. സുഹൃത്തിന്റെ വിഷമം ശ്രദ്ധിച്ച സുരേഷ് അതിനായി എന്തെങ്കിലും ചെയ്യാൻ തീരുമാനിച്ചു. സുരേഷിന് ഒരുമിച്ച് ഒരു ചെറിയ ബിസിനസ്സ് തുടങ്ങാനുള്ള ആശയം വന്നു. രവി ചിത്രരചനയിൽ മിടുക്കനാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു, അതിനാൽ അവർ പ്രാദേശിക വിപണിയിൽ കൈകൊണ്ട് നിർമ്മിച്ച ചിത്രങ്ങൾ വിൽക്കാൻ തീരുമാനിച്ചു. അവർ രാവും പകലും കഠിനാധ്വാനം ചെയ്തു, വിൽക്കാൻ മനോഹരമായ കലാസൃഷ്ടികൾ സൃഷ്ടിച്ചു. അവരുടെ ചിത്രങ്ങൾപണ്ട്



കേരളത്തിലെ ഒരു ചെറിയ ഗ്രാമത്തിൽ രവിയും സുരേഷും എന്ന് പേരുള്ള രണ്ട് ഉറ്റ സുഹൃത്തുക്കൾ താമസിച്ചിരുന്നു. അവർ വേർപിരിയാത്തവരായിരുന്നു, എല്ലാം ഒരുമിച്ച് ചെയ്തു. അവർ ഒരേ സ്കൂളിൽ പഠിച്ചു, ഒരുമിച്ച് കളിച്ചു, അവരുടെ ജോലികളിൽ പോലും പരസ്പരം സഹായിച്ചു.

ഒരു ദിവസം രവിയുടെ കുടുംബം സാമ്പത്തിക പ്രതിസന്ധിയിലായി. അവന്റെ അച്ഛന്റെ ജോലി നഷ്ടപ്പെട്ടു, അവർ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ

പാടുപെടുകയായിരുന്നു. തൻെറ കുടുംബത്തെ എങ്ങനെ സഹായിക്കണമെന്ന് അറിയാതെ രവി വിഷമിച്ചു. സുഹൃത്തിൻെറ വിഷമം ശ്രദ്ധിച്ച സുരേഷ് അതിനായി എന്തെങ്കിലും ചെയ്യാൻ തീരുമാനിച്ചു. സുരേഷിന് ഒരുമിച്ച് ഒരു ചെറിയ ബിസിനസ്സ് തുടങ്ങാനുള്ള ആശയം വന്നു. രവി ചിത്രരചനയിൽ മിടുക്കനാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു, അതിനാൽ അവർ പ്രാദേശിക വിപണിയിൽ കൈകൊണ്ട് നിർമ്മിച്ച ചിത്രങ്ങൾ വിൽക്കാൻ തീരുമാനിച്ചു. അവർ രാവും പകലും കഠിനാധ്വാനം ചെയ്തു, വിൽക്കാൻ മനോഹരമായ കലാസൃഷ്ടികൾ സൃഷ്ടിച്ചു. അവരുടെ ചിത്രങ്ങൾ ഗ്രാമത്തിൽ പ്രചാരം നേടി, താമസിയാതെ അവർക്ക് അടുത്തുള്ള പട്ടണങ്ങളിൽ നിന്നും ഓർഡറുകൾ ലഭിക്കാൻ തുടങ്ങി. അവരുടെ കൂട്ടായ പരിശ്രമവും നിശ്ചയദാർഢ്യവു കൊണ്ട് രവിയുടെ കുടുംബത്തെ പോറ്റാനുള്ള പണം സമ്പാദിക്കാൻ അവർക്ക് കഴിഞ്ഞു.

കാലം കഴിയുന്തോറും അവരുടെ സൗഹൃദം ദൃഢമായി അവർ ഒരുമിച്ച് നിരവധി വെല്ലുവിളികൾ നേരിട്ടെങ്കിലും ഒരിക്കലും തളർന്നില്ല. അവർ പരസ്പരം കനം കുറഞ്ഞും മെലിഞ്ഞും പിന്തുണച്ചും, പരസ്പരം വിജയങ്ങൾആഘോഷിക്കുകയ ം ദുഷ്കരമായ സമയങ്ങളിൽ പരസ്പരം ആശ്വസിപ്പിക്കുകയും ചെയ്തു.

വർഷങ്ങൾക്ക് ശേഷം, രവിയും സുരേഷും തങ്ങളുടെ തനതായ ചിത്രങ്ങൾക്ക് പേരുകേട്ട കലാകാരന്മാരായി. അവർ തങ്ങളുടെ എളിയ തുടക്കം ഒരിക്കലും മറക്കില്ല, അവരുടെ വിജയത്തിന് എപ്പോഴും അവരുടെ

സൗഹൃദത്തെ ക്രെഡിറ്റ് ചെയ്തു. അവരുടെ സൗഹൃദത്തിൻെറ കഥ ഗ്രാമത്തിലുടനീളം വ്യാപിച്ചു, സൗഹൃദത്തിൻെറ ബന്ധങ്ങളെ വിലമതിക്കാനും പരിപാലിക്കാനും മറ്റുള്ളവരെ പ്രചോദിപ്പിച്ചു. യഥാർത്ഥ സൗഹൃദത്തിന് അതിരുകളില്ലെന്നും ഏത് പ്രതിബന്ധങ്ങളെയും തരണം ചെയ്യാമെന്നും രവിയും സുരേഷും എല്ലാവരെയും പഠിപ്പിച്ചു. അതിനാൽ, അവരുടെ സൗഹൃദം വരും തലമുറകൾക്ക് ഒരു മാതൃകയായി തുടർന്നു, സ്നേഹത്തിൻെറയും, പിന്തുണയുടെയും അചഞ്ചലമായ സൗഹൃദത്തിൻെറയും ശക്തിയെക്കുറിച്ച് ആളുകളെ ഓർമ്മിപ്പിക്കുന്നു.

-ഷാദിയ

# ഒരു കൂട്ടം

ചെറുമണിയരികൾ ചിതറിക്കിടക്കുന്ന -
കലെ നിന്നേ കുഞ്ഞനലറി വിളിച്ചാമോദത്താൽ -
അരിമണികൾ
കൊതി തീരെ തിന്നാനായ് കുഞ്ഞു -
വയറു പുകഞ്ഞിരുന്നൊരാ നാളുകൾ.
കൊതി മാത്രമായിരുന്നൊരാ പശിയുള്ളകാലത്ത-
രുമയായ് തീർത്തയറകൾ നിറയ്ക്കാനായ് -



ഉടനെ പോയീടിൽ ധിടിയിൽ നേടീടാം
കഠിനമാണീപ്പണിയിതെന്നാലും.
വരിവരിയായ് ചേർന്നൊത്തുപിടിച്ചെന്നാൽ
അറകൾ മുഴുവനുമുടനെ നിറച്ചിടാം .
വറുതി തൻ
കെടുതികൾ കോലങ്ങൾ തുള്ളുന്ന കാലത്തെ
സുഗമമായ് തള്ളി നീക്കീടാമിതു
സുകൃതമാണിതെന്നതോർത്തിടേണം.
ഇന്നു നേടിയോർ നാളെയിരുന്നു ണ്ണം
നന്മകൾ ചെയ്യോർക്കു നല്ലതീശൻ ചൊരിയും
കണ്ടു നിൽക്കാൻ നേരമില്ലേതുമേ
തെല്ലു വെക്കമായ് പോയിടാം കൂട്ടരെ
ചെന്നുപാതയൊരുക്ക വേഗം
പിന്നിലായ് വന്നിടാം മല്ലൻമാർ ഞങ്ങളും!
-റിതുനന്ദ

# അമ്മ

അമ്മേ, നിന്റെ സ്നേഹം എന്നിൽ അനന്യമായി
നിറഞ്ഞു നിൽക്കുന്നു.... അത് ഞാൻ ആകുന്നു
നിന്റെ കരങ്ങളിൽ ഞാൻ സുഖം കണ്ടു.......
നിന്റെ കണ്ണുകളിൽ ഞാൻ ആനന്ദം കണ്ടു.......

അമ്മേ, നിന്റെ മമത എനിക്ക് അമൃതമായി
എന്റെ പ്രാണൻ ഒരു പനിനീർ പൂവായി മാറുന്നു
നിന്റെ കാലങ്ങളിൽ ഞാൻ സുഖം കണ്ടു....
നിന്റെ മൊഴികളിൽ ഞാൻ ആനന്ദം കണ്ടു....

അമ്മേ, നിന്റെ സ്നേഹം എനിക്ക് അനന്യമായി
എന്റെ ജീവിതത്തിൻ സുഖവും സന്തോഷവും ആകുന്നു
നിന്റെ വാക്കുകളിൽ ഞാൻ സുഖം കണ്ടു....
നിന്റെ മുഖത്തിൽ ഞാൻ ആനന്ദം കണ്ടു....

അമ്മേ, നിന്റെ സ്നേഹം എനിക്ക് അനന്യമായി
എന്റെ ഹൃദയത്തിൽ സ്വർണ്ണം പോലെ തിളങ്ങുന്നു
നിന്റെ കരങ്ങളിൽ ഞാൻ സുഖം കണ്ടു.....
നിന്റെ കണ്ണുകൾ ഞാൻ ആനന്ദം കണ്ടു.....

അമ്മേ, നിന്റെ സ്നേഹം എനിക്ക് അനന്യമായി
നിന്റെ കരുതൽ  എനിക്ക് ജീവനേകി
അമ്മേ, നിന്റെ ചുംബനം എനിക്ക് അമൂല്യമായി.....
നിന്റെ വാക്കുകൾ എനിക്ക് വഴിക്കാട്ടിയായി.....

– അനുഷ്ക  സി

# നിങ്ങളുടെ ജീവിതത്തിന്റെ ടൈമർ.......

ഇതെന്താ ആരും നേരത്തെ പറയാനില്ല എന്ന് നിങ്ങൾക്ക് തോന്നും......പണക്കാരായിട്ട്, പുറത്തൊക്കെ പോയിട്ട് വേണം ജീവിതം ഒന്ന് ആസ്വദിക്കാൻ എന്നു കരുതി നിൽക്കുന്ന കുറേ ആളുണ്ട്.

എന്നാൽ നിങ്ങൾ ജനിച്ച അന്ന് തൊട്ടുതന്നെ നിങ്ങളുടെ ജീവിതത്തിന്റെ ടൈമർ ആരംഭിച്ചു.

മഹാന്മാർ പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ...... ഒരു കാര്യം ആരംഭിക്കാനുള്ള ഏറ്റവും നല്ല സമയം ഇപ്പോൾ തന്നെ ആണ്.

എത്ര പണക്കാരായാലും, എന്തൊക്കെ നേടിയെന്ന് തോന്നിയാലും നഷ്ടപ്പെട്ട ബാല്യവും കൗമാരവും തിരിച്ചെടുക്കാൻ ആവില്ല.....

-അനീന റോസ്

# സൗഹൃദം

സൗഹൃദം ഒരു വിളക്കാണ്,
തിളക്കം നിറഞ്ഞു,
അതിന്റെ പൂഴുകുകൾ പകരുന്നു.
നിറമില്ലാത്ത സമയങ്ങളിൽ
മാർഗദർശനം നൽകുന്നു.
ഉയരങ്ങളിലും താഴ്ച്ചകളിലും
എപ്പോഴും അവർ
പരസ്പരം സംസാരിക്കുന്നു.
തളർച്ചകളിൽ തണലാവുന്ന
സന്തോഷത്തിലും ദുഃഖത്തിലും
സൗഹൃദം എപ്പോഴും വഴികാട്ടുന്നു.

-അവന്തിക പി പി

# തണൽമരം

ഓർമ്മയിലിന്നു ഞാൻ കാതോർത്തിരിക്കുന്നു
ആ കിളിക്കൊഞ്ചലിൻ ശീലുകൾക്കായി
അണ്ണാനും കാക്കയും കുഞ്ഞുകുരുവിയും
സ്നേഹത്തണലിൽ കഴിഞ്ഞിരുന്നു
മന്ദമാരുതൻ തന്റെ കാറ്റേറ്റു വീഴുന്ന
മാമ്പഴമേൽക്കാനായ് കുട്ടികളും
വേനൽച്ചൂടിനെ കുടയാക്കിമാറ്റിയ
വഴിയാത്രക്കാരുടെ അത്താണിയും
വികസനത്തിന്റെ പേരിലെപ്പൊഴോ
ആമരം വെട്ടിമുറിക്കപ്പെട്ടു
വെട്ടിമാറ്റപ്പെട്ട മാമ്പൂവിനൊപ്പം
അറ്റുപോയി കുറേ ജീവിതങ്ങൾ

- ദിൽമന ടി പി

# അ□ ി□ ി□ □ ം

7രാജ്യങ്ങളിലായി പടർന്ന് പന്തലിച്ചു കിടക്കുന്ന ആമസോൺ മഴക്കാട്. ആ കാടിൽ നിന്ന് കുറച്ചുകളയായി ഒരു ചെറുഗ്രാമം . ഗ്രാമത്തിൽ ഒരു കുടുംബം ഉണ്ടായിരുന്നു. പെട്ടെന്ന് ഒരു ദിവസം അവർക്ക് പട്ടണത്തിലേക്ക്  പോക്കേണ്ടി വന്നു. അവർ യാത്രയിക്കായി തിരഞ്ഞെടുത്തത് വിമാന യാത്രയായിരുന്നു. അദ്യമൊക്കെ വിമാനയാത്ര നല്ല രീതിയിലാണ് പോയത്.  പെട്ടെന്ന് ആ വിമാനം ഒരു വലിയ ചുഴലിക്കുള്ളിൽ അകപ്പെട്ടു. ആ വീമാനത്തിൻ്റെ ഒരു ചിറക് കത്തികപോവുകയും വിമാനം  കാടിലേക്ക് വിഴുകയും ചെയ്തു. ആ വിമാനപകടത്തിൽ ഒരു കുട്ടി മാത്രമെ അവശേഷിച്ചിരുന്നുള്ളു. വിമാനപകടത്തിൽ പെട്ടവരെ കണ്ടു പിടിക്കാൻ വന്നവർ കുട്ടിയെ കണ്ടില്ല. നിറയെ അപകടങ്ങളും അപത്തുകളും നിറഞ്ഞ ആ കടിൽ ആ കുടി ഒറ്റയ്ക്കായി. ആഴ്ച്ചകളോള്ളം അവൾ ആ കാടിൽ അലഞ്ഞു തിരിഞ്ഞു.ഒരു ദിവസം അവൾ നദിക്കരയിലെ ഗ്രാമത്തെ കണ്ടു. അതിലൊരാൾ അവളുടെ ഗ്രാമത്തിലുള്ള ഒരാളായിരുന്നു. അയാൾ അവളെ സുരക്ഷിതമായി ഗ്രാമത്തിൽ എത്തിച്ചു. വീമാനപകടത്തിൽ അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ടതിനാൽ അവൾ ബന്ധുക്കളുടെ വീട്ടിലാണ് പിന്നീടുള്ള കാലം ജീവിച്ചത്.

-ദേവാർച്ചന

# അമ്മ

നെഞ്ചിലെ പാലോഴി എന്നിലേക്ക്
എത്തിച്ച് പുഞ്ചിരി തൂകുന്നതമ്മ
മുന്നോട്ട് ഞാൻ എന്റെ കാലടികൾ വെക്കുമ്പോൾ പിന്നിലൊരു
പ്രാർത്ഥന അമ്മ
കൈ വന്നതോക്കെ
കളഞ്ഞുപോയി നിൽക്കുമെൻ
കണ്ണീർ തുടപ്പതും അമ്മ
പുഞ്ചിരി പൂക്കളാണമ്മ
ഉള്ളിലെ കരുതലാണമ്മ
മണ്ണിലെ നേരിന്റെ സ്നേഹമാണമ്മ
കൈവിട്ടു പോകല്ലേ
കണ്ണീര് തൂവല്ലേ
കാണിക്കയായ് തന്ന
പുണ്യമാണെന്നുമെൻ അമ്മ
പുണ്യമാണെന്നുമെൻ അമ്മ

-ഫൈഹ അഹമ്മദ്

# വായില്ലാക്കുന്നിലപ്പൻമാർ

വരൂ,
റീൽസുകൾ സ്ക്രോൾ ചെയ്യുമ്പോൾ
കൈത്തണ്ടയിലിരുന്ന് ആസ്വദിച്ച്
രക്തം കുടിക്കുന്ന കൊതുകിനെ
കയ്യനക്കി ഓടിക്കാതിരിക്കാം.
കോളേജുകളിലെ
കാൻ്റീനിലിരുന്ന്
പഴം പൊരിയും ബീഫും കഴിച്ച്
കുഴിമന്തിയെക്കുറിച്ച്
സംസാരിക്കാം.
കാൻ്റീനിന്റെ പിറകിൽ വിശന്നു
ചത്ത
നായയുടെ ഫോട്ടോയെടുത്ത്
സ്റ്റാറ്റസിടാം.
വരൂ,
ചരിത്രത്തിൻ്റെ പുറംതോടിലിരുന്ന്
നമുക്ക് കൊച്ചമ്മാടിക്കളിക്കാം.
ഗുജറാത്തിനെയും
ബിൽകീസിനെയും
അറിയാത്ത ഭാവം നടിക്കാം.
ഗാന്ധിയുടെ കൊന്നത് ഗോഡ്സെ
അല്ലെന്ന് വിശ്വസിക്കാം.
ധാബോൽക്കറിനെയും
പൻസാരെയെയും
കാണാത്ത ഭാവം നടിക്കാം.
നഗ്നരാക്കപ്പെട്ട
കുക്കികളെയോർത്ത്
ഭയപ്പെടാത്ത പോലെയിരിക്കാം.
അലയടിക്കുന്ന കർഷക
രോദനങ്ങളുടെ
വായ മൂടിക്കെട്ടാം.
വരൂ,
നമുക്കൊത്തു ചേർന്ന്
ഇന്ത്യയുടെ പേരു മാറ്റാം.
പീഢന വാർത്ത കേൾക്കുമ്പോൾ
ഹാഷ്ടാഗുകൾ നിറക്കാം.
ഇരയോടൊപ്പം എന്ന്
സ്റ്റോറിയിട്ടാൽ
മൂടിപ്പുതച്ച് കിടന്നുറങ്ങാൻ
പഠിക്കാം.
ഈ ചട്ടയിലിരുന്ന്
കാണുന്നതൊക്കെ
സൗകര്യപൂർവ്വം മറക്കാൻ
ശ്രമിക്കാം.
വരൂ,
അടുത്തടുത്തിരുന്ന് നമുക്ക്
നമ്മെ കുറിച്ച് മാത്രം സംസാരിക്കാം.
"നിങ്ങൾ ഒന്നും ചെയ്തില്ല താങ്ക്യു"
എന്ന ഫൈവ് സ്റ്റാറിൻ്റെ
പരസ്യത്തിന്
"യു ആർ മോസ്റ്റ് വെൽക്കം"മെന്ന
മറുപടി പറയാം.
അതാ...
തിരുകിക്കയറ്റിയ ഇയർ
പോഡുകളെ
വക വെക്കാതെ വരുന്ന വിറയാർന്ന
ശബ്ദങ്ങൾ
ടി പാനത്തിൽ കൊട്ടികൊണ്ട്
ഉറക്കെയുറക്കെ വിളിച്ചു പറയുന്നു.
"ഒരു നെടുവീർപ്പു കൊണ്ടല്ല,
ഒരു നിശ്വാസം കൊണ്ടെങ്കിലും
ഈ നിർവികാരത ഭഞ്ജിക്കൂ.."
വരൂ,
ഇത് കേട്ട് നമുക്ക്
രണ്ടു മിനുട്ട് മൗനാചരണം
നടത്താം.
വരൂ..
നമുക്ക്
വായില്ലാക്കുന്നിലപ്പൻമാരായി
ജീവിത മല കേറാം.

-ഹനീന
അബ്ദുൾ കലാം

# ~~കണ്ണീർ~~ മഴ

ഒരു നഗരത്തിൽ അമ്മയും അച്ഛനും മകനും അടങ്ങുന്ന ഒരു ചെറിയ കുടുംബം താമസിച്ചിരുന്നു.അവർ വളരെ പാവപ്പെട്ടവരായിരുന്നു.ഓരോ ദിവസവും കണ്ണീർ കുടിച്ചാണ് അവർ കഴിച്ചുകൂട്ടിയത്.എന്നാൽ അവരുടെ മകനെ അവർ ഒരു വിഷമവുമില്ലാതെ നോക്കിയിരുന്നു.മകനെയും കൂട്ടി അമ്പലങ്ങളിലെ ഉത്സവം കാണാനും അവർ അവനെ കൊണ്ടുപോയി.അങ്ങനെ കുറേ വർഷങ്ങൾക്കു ശേഷം അവരുടെ മകൻ പഠിച്ച് ജോലി നേടുകയും പിന്നീട് കല്യാണം കഴിക്കുകയും ചെയ്തു.അപ്പോൾ അച്ഛനും അമ്മയും ഒരു ഭാരമായി തോന്നിയ മകൻ അവരെ അനാതഥാലയത്തിൽ കൊണ്ടാക്കി.അന്ന്അവൻ ഓർത്തിരുന്നില്ല.തന്റെ മക്കളും തന്നെ ഇതുപോലെ അനാഥാലയത്തിൽ ആക്കുമെന്ന് "ഓരോരുത്തരും അച്ഛനമ്മമാരെ ഇതുപോലെയുള്ള വൃദ്ധസദനത്തിൽ ഉപേക്ഷിക്കുമ്പോൾ ചിന്തിക്കുക തനിക്കും നാളെ ഈ ഗതി വന്നേക്കാമെന്ന്...."

-ദേവിക കെ വി

# രാവ്

ഇരുളിന്റെ മുഖപടം പതുക്കെ നിവർത്തി
തിങ്കളാം ളു വെൺമ മിന്നിതിളങ്ങ വേ...
രാവിൻ മടിതട്ടിൽ രത്ന പൊടി പോലെ ചിതറി നിൽക്കുന്നുവോ
താരകങ്ങൾ?...
മാരുതൻ മാനത്ത് ആടിയുലഞ്ഞിടും
കേരങ്ങളൊന്നാകെ ചാഞ്ഞു നിൽക്കും....
ഇന്ദുമുഖീ നിൻ ഒളിചിന്തും ശോഭകൾ നിലാവുള്ള രചനിയിൽ നദി
തൻ കരളങ്ങിൽ തെളിയവേ..
നിശീഥിനിയുടെ നിശബ്ദമാം യാമത്തിൽ
ചീവീടുകൾ തൽ നൊമ്പരം പങ്കിടവേ ഒരു നനുത്ത തെന്നലായി
പവനൻ
തൻ ഇളം കൈകളാൽ
ധരണിയെ വാരിപുണരവേ
അറിയുന്നു ഞാൻ നിന്നിലെ ചുടു നിശ്വാസവും......

-കാർത്തിക

# കൊതുക്

ദാഹിച്ചു വലഞ്ഞിട്ടാവണം
ആ  കൊതുക് പുറങ്കയ്യിലിരുന്നത്.
സ്വാതന്ത്ര്യമെന്ന് മുറവിളി കൂട്ടി
ചോര തിളപ്പിക്കുന്നത്
കണ്ടാർത്തിയായിട്ടാവണം
ചുണ്ടുകൾ തൊലിക്കകത്തേക്ക്
ആഴ്ന്നിറക്കിയത്
ഓ പോസറ്റീവിൻ മത്ത്
പിടിപെടും മുന്നേ
ചുവന്നു തുടുത്ത തൊലി
വിവരമറിയിച്ചിരുന്നതിനാലാവണം
എന്റെ കൈപ്പത്തിയിലെ
ചോരയുടെ ചൂടവളറിഞ്ഞതും
അവളുടെ ചൂര് ഞാനറിഞ്ഞതും
സസൂക്ഷ്മം മെല്ലെ ഞാൻ
മഴവില്ലിനോടടുത്ത
അവളുടെ ചിറകുകൾ പറിച്ചെടുത്തു
ഒരിറ്റ് ചോര കുടിച്ചതിനാലകണം
എതിർക്കാതെയവൾ കിടന്നത്.
ഒരു തുള്ളി ചോരയുടെ
അധികാരത്തിലാകണം
തുറിച്ചു നോക്കുന്നയാ കണ്ണിലെ
കനലെനിക്കു
നിരാകരിക്കാൻ കഴിഞ്ഞത്.
അത് കൊണ്ട് തന്നെയാകണം
ഞാൻ വരച്ച ലക്ഷ്മണ രേഖയ്ക്കകത്ത്
അവൾക്ക് ഞാൻ
പൂർണ്ണ സ്വാതന്ത്ര്യം കൊടുത്തത്

**–ലക്ഷ്മി**

# അമ്മ

അമ്മ എന്നത് ഓരു വാക്കല്ല.അത് എണ്ണിയാൽ തീരാത്ത തരത്തിലുള്ള മണൽത്തരികളാണ്.

എന്നാൽ അതുപോലേ തന്നെ അമ്മ മക്കളാൽ അവഗണിക്കപ്പെടുന്ന പല സാഹചര്യങ്ങളും വരുന്നു.

കുടുംബത്തിൽ നിന്നും ലഭിക്കാത്ത സ്നേഹം സ്വന്തം മക്കളിൽ നിന്നാണ് ലഭിക്കുന്നത്.പിന്നീട്


ആ മക്കളാൽ തന്നെ അമ്മ അവഗണിക്കപ്പെടുന്നു.

പല സാഹചര്യങ്ങളിൽ നിന്നും അവഗണിക്കപ്പെടുന്നു.ജനനം മുതൽ മക്കളെ സ്നേഹിക്കുകയും

പരിചരിക്കുകയും ചെയ്യുന്നവരാണ് അമ്മമാർ.ജനിക്കുന്നതിനു മുൻപ്തന്നെ അമ്മമാർ മക്കളെ സ്നേഹിക്കുകയും

സംരക്ഷിക്കുകയും ചെയ്യുന്നു.ജീവിത സാഹചര്യങ്ങൾ ഇല്ലാഞ്ഞിട്ടും സ്വന്തം മക്കളെ ജീവനതുല്ല്യം

സ്നേഹിക്കുകയും അവർക്കു വേണ്ടി സ്വന്തം ജീവൻ മാറ്റി വയ്ക്കുകയും ചെയ്യുന്നവരാണ് അമ്മമാർ.



സ്വന്തം മക്കളുടെ ജയത്തിൽ സന്തോഷിക്കുകയും അവർക്ക് ഓരു തോൽവിയോ,വിഷമമോ ഉണ്ടായാൽ

അവരെ ചേർത്ത് പിടിച്ച് കൂടെ നിർത്തുന്നവരാണ് അമ്മമാർ.

ഓരോ സമയവും നമ്മെ എത്ര ശകാരിച്ചാലും പിന്നീട് സ്നേഹത്തോടെ അടുത്തുവന്നിരുന്ന് സ്നേഹത്തോടെ

സംസാരിക്കുകയും ചെയ്യുന്നവരാണ് അമ്മമാർ.

ഓരോ കുഞ്ഞും ജന്മം എടുത്താൽ ആദ്യം പറയുന്ന അക്ഷരം "അ" എന്നതാണ്.പിന്നീട് ആ കുഞ്ഞ്

പൂർണ്ണ വളർച്ച എത്തിയാൽ അത് പൂർണമായും "അമ്മ" എന്നായി മാറുന്നു.


**- ഗിന പ്രമോദ്**

# പുഴ ഒഴുകുമ്പോൾ

പുഴതൻ ആഴത്തിലൂടെ ചെറു മത്സ്യങ്ങൾ നീന്തിത്തുടിക്കവേ
ഭൂമിയാമമ്മയ്ക്കു കുളിരേകി പുഴ ഒഴുകുന്നുവോ
പുഴ തൻ മടിത്തട്ടിൽ കിനാവുകൾ കണ്ടുറങ്ങവേ
വെള്ളാരം കല്ലുകൾ എങ്കിലും
അറിയുന്നില്ല അമ്മ തൻ യാതന മക്കൾ
ഒഴുകാൻ സ്ഥലമില്ലെനിക്ക്,
എൻറെ വഴി പാതിയിൽ മുറിയുന്നു.
ഒഴുക്കുനിലച്ച ഞാൻ വറ്റി വരളുന്നു
ഞാൻ നിറഞ്ഞൊഴുകിയ കവിഞ്ഞൊഴുകിയ വഴി എവിടെ?
എൻറെ ഹൃദയത്തിൻ അടിത്തട്ടിലൂടെ
എന്നോടൊപ്പം ഒഴുകാൻ കാത്തിരിക്കുന്ന വെള്ളാരം കല്ലുകൾ
യാത്ര മുടങ്ങിയ വേദനയിൽ അറിയാനാവുന്നുണ്ട് എനിക്ക് ഹൃദയം
നുറുങ്ങിപ്പോകുന്നു.
തെളിഞ്ഞൊഴുകാൻ എനിക്ക് കൊതിയാവുന്നു
പക്ഷേ കാലുകളിൽ ബന്ധനം
എൻറെ ഹൃദയം തുരന്നെടുക്കുന്നു
ദാഹിച്ചു വലഞ്ഞെന്റെ ശ്വാസം നിലയ്ക്കുന്നു മുന്നോട്ട്
പോകട്ടെ ഞാൻ
ഇനിയും ഏറെ ദൂരം യാത്ര പൂർത്തിയാക്കാൻ കാത്തിരിക്കുന്നു
പരന്ന നീലക്കടലും അസ്തമിക്കാതരുണനും.

-ലക്ഷ്മി സി നമ്പ്യർ

# എന്റെ മലയാളം



എൻ ഹൃദയത്തിനുള്ളിൽ പിറന്ന ഭാഷാ
മലയാള ഭാഷാ
സ്നേഹപ്രവാഹമായി, അമ്മയായി, കൂട്ടായി,
കൂടെപ്പിറപ്പായി നിന്ന ഭാഷാ
ഏറെ ദൂരം താണ്ടി പോകേണ്ട ജീവിത-
ക്കാഴ്ച്ചകൾക്കിടയിൽ ഭാഷാ
നാളറിയാനും നല്ലോണം ചൊല്ലാനും
നാനാദിക്കിലുമീ ഭാഷാ
അമ്മ പഠിപ്പിച്ച ആദ്യാക്ഷരം
എൻ മാതൃഭാഷാ
വളർച്ചയിൽ കൂട്ടായി നിൽക്കുന്ന, തളർച്ചയിൽ താങ്ങായി
നിൽക്കുന്ന ഭാഷാ
എൻ മാതൃഭാഷാ
എൻ ഹൃദയത്തിനുള്ളിൽ പിറന്ന ഭാഷാ
സ്വന്തം മലയാള ഭാഷാ...

-മേഘാലക്ഷ്മി കെ

വിവരണം

# ചലന ചിത്രം

ചലികുന്ന ചിത്രങ്ങളുടെ ദ്വിനമോ,ത്വിമനമോ ആയ വേഗത്തിലുള്ള പ്രദർശനമാണ് ആനിമേഷൻ.ചലനം വെറും കൺകെട്ട മാത്രമാണ്.

നമ്മുടെ കണ്ണിന്റെ പ്രതേകതയായ 'വീക്ഷണ സ്ഥിരത' എന്ന പ്രതിഭാസത്തെയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

നമുക്ക് പെട്ടന്ന് മനസിലാക്കാൻ സാധിക്കാത്ത കാര്യങ്ങളെ ലളിതമായി അവതരിപ്പിക്കാനുള്ള ആനിമേഷന്റെ കഴിവാണ് കുട്ടികളെ പിടിച്ചിരിപ്പിക്കുന്നത്.കുട്ടികൾ കാർട്ടൂൺ ഇഷ്ടപ്പെടുന്നതിന്റെ കാരണം,ലളിതമായ ആവിഷ്ക്കാരവും,നിറഭേദങ്ങളുമാണ്.

മിക്കിമൗസിനെയും ഡിസ്നിലാന്റും നമ്മളിലെത്തിച്ച വാൾട്ട് ഡിസ്നിയാണ് 'കിംങ് ഓഫ് ആനിമേഷൻ' എന്നറിയപ്പെടുന്നത്. ഇന്നത്തെ കാലത്ത് ആനിമേഷൻ ഇല്ലാത്ത പരസ്യ ചിത്രമോ,സിനിമയോ വളരെ കുറവാണ്.ഓസ്കാർ അവാർഡും ഗോൾഡൻ ഗ്ളോബ് പുരസ്ക്കാരവും ലഭിച്ച 'ദി ലയൺ കിംങ്'ഒരു ആനിമേഷൻ ചലചിത്രമാണ്.

– ദേവാമൃത അജിത്

# ബാല്യം

ഓർമ്മകളിലേക്കെത്തിനോക്കവെ
ബാല്യമെന്നെ മാടിവിളിക്കുന്നു.......
തിരികെ പോകാൻ കഴിഞ്ഞെങ്കിലെന്ന്
കൊതിച്ചു പോവുമാ നിമിഷങ്ങൾ...
മഴയും മയിൽപീലിയും പൂക്കളും നിറഞ്ഞ കാലം
കളിചിരിയും നെല്ലിക്കയും....
പുളിമാങ്ങയും ...
ഓർക്കുമ്പോഴേ എൻ ചുണ്ടിൽ പുഞ്ചിരി നിറയുന്നു .....
ടീവിയും ഫോണും കയ്യടക്കാത്ത
പുസ്തകതാളിലും ... വായനശാലയിലും....
പൂരപ്പറമ്പിലും പാറി നടന്ന ഇന്നലകൾ ...
മാഷിന്റെ ചൂരൽ വടിയെ പേടിച്ച് പഠിച്ച വരികൾ...കഥകൾ ...
പട്ടികകൾ ....
ഇന്നെൻ മനതാരിൽ
വിടരുന്നു.. നിറയുന്നു ...
"അയ്യേ ഷെയിം..."
"അയ്യേ ഷെയിം..."
എന്ന് കേൾക്കാത്ത
പങ്കുവെക്കലിൻ മധുരം നുണഞ്ഞ ...
കരുതലായി ...കൂട്ടായി..
സഹപാഠികൾ ...
"മാതാ പിതാ ഗുരു ദൈവം" എന്ന് നാം ചൊല്ലി പഠിച്ചു...
ഓണവും വിഷുവും പൂരവും പെരുന്നാളും
ഒന്നായി കണ്ടോരാ നാട്ടിൻ പുറങ്ങൾ......
സുഖമുള്ള മധുരമുള്ള മരിക്കാത്ത ഓർമ്മകൾ .......

-പൂജ പി

# പ്രകൃതിയുടെ മാധുര്യം

പ്രകൃതിയുടെ മാധുര്യം കണ്ടു ഞാൻ,
പ്രകൃതിയുടെ സൗന്ദര്യം അനുഭവിച്ചു ഞാൻ,
പ്രകൃതിയുടെ രമ്യത കണ്ടു ഞാൻ,
പ്രകൃതിയുടെ മാധുര്യം അനുഭവിച്ചു ഞാൻ.

പച്ചപ്പൂക്കൾ മഴയും പ്രകൃതിയുടെ കാനനങ്ങളിൽ,
മഴയും പ്രകൃതിയുടെ സൗന്ദര്യത്തിൽ,
പ്രകൃതിയുടെ രമ്യത അനുഭവിക്കുന്നു,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു.

പടലങ്ങൾ പറക്കുന്നു പ്രകൃതിയുടെ ആവിരംഭത്തിൽ,
പറക്കുന്നു പ്രകൃതിയുടെ സൗന്ദര്യത്തിൽ,
പ്രകൃതിയുടെ രമ്യത അനുഭവിക്കുന്നു,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു.

കാടുകൾ നിറഞ്ഞു പ്രകൃതിയുടെ സൗന്ദര്യത്തിൽ,
നിറഞ്ഞു പ്രകൃതിയുടെ രമ്യതയിൽ,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു.

പടലങ്ങൾ പറക്കുന്നു പ്രകൃതിയുടെ ആവിരംഭത്തിൽ,
പറക്കുന്നു പ്രകൃതിയുടെ സൗന്ദര്യത്തിൽ,
പ്രകൃതിയുടെ രമ്യത അനുഭവിക്കുന്നു,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു.

കാടുകൾ നിറഞ്ഞു പ്രകൃതിയുടെ സൗന്ദര്യത്തിൽ,
നിറഞ്ഞു പ്രകൃതിയുടെ രമ്യതയിൽ,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു,
പ്രകൃതിയുടെ മാധുര്യം അനുഭവിക്കുന്നു.


-റിൻഷ റഹീം

# സ്വർഗ്ഗത്തിലേക്ക്
# ഒരു കത്ത്

അതേയ് സുഖല്ലേ...? എന്തൊക്കെയുണ്ട് വിശേഷങ്ങൾ.....?

ഇങ്ങനെയൊക്കെ ചോദിക്കാൻ പാടുണ്ടോ എന്നറിയില്ല...എന്നാലു ചോദിക്കുവാ..."ഞാൻ ഇല്ലാണ്ട് ഇങ്ങക്ക് ബോറടിക്കുന്നില്ലേ...?"അല്ലെങ്കിൽ ഞാൻ അമ്മ വീട്ടിലോ കസിൻെറ വീട്ടിലോ ഒക്കെ പോകുമ്പോൾ 'പോവല്ലേ...പോയാൽ ഇന്നു തന്നെ തിരികെവരണം' എന്നൊക്കെ പറയണ ആളാ....ഇപ്പൊ നോക്ക്...രണ്ട് വർഷം കഴിഞ്ഞു...ഓർമ്മിണ്ടോ ഇങ്ങക്ക് വല്ലതും...?

നിക്ക് അറിയാം ഇങ്ങളും എന്നെ മിസ്സ് ചെയ്യണിണ്ടാവുന്ന്...സത്യം പറയാലോ..നിങ്ങളാ ഞാൻ എപ്പഴും ഓർക്കും...സ്കൂൾ വിട്ട് വരുമ്പോൾ ചായയും പലഹാരവും കൊണ്ടു തരുന്നതും ഉച്ചയ്ക്ക് ചോറ് കഴിക്കാൻ നേരം എനിക്ക് ഏറ്റവും ഇഷ്ടമുള്ള പുളി പിഴിഞ്ഞത് കൊണ്ട് തരുന്നതും എന്നെ കുറച്ച് നേരം കാണാതിരുന്നാൽ " നിന്നെ ഇന്ന് കണ്ടേയില്ലല്ലോ"ന്ന് പരാതിപറയണതും ഒക്കെ നിക്ക് ഓർമ്മ ഇണ്ട്ട്ടോ...ഒക്കെ ഇന്നലെ കഴിഞ്ഞ പോലെ കൺമുന്നിലുണ്ട്....



ഇങ്ങള് അവിടെ എന്നെ പറ്റി പറഞ്ഞിട്ടിണ്ടോ? ഞാൻ ഇവിടെ ഇടയ്ക്കിടെ പറയും.... ഇങ്ങനെയൊരാൾ നിക്ക് ഇണ്ടേന്ന്...നിക്ക് ഇങ്ങളെ വല്യ കാര്യാന്നും പറയാറിണ്ട് ഞാൻ...ഇച്ചിരികൂടി പൊലിപ്പിക്കാൻ ഇങ്ങളെ കൂടെ ഉള്ള ഒരുപാട് നല്ല നിമിഷങ്ങളും പറഞ്ഞിട്ടിണ്ട്ട്ടോ....ഓർമ്മവച്ച നാൾ മുതൽ ഇങ്ങടെ ചൂട് പറ്റി ഉറങ്ങുന്നതും, കയ്യിലൂടെ വിരലോടിച്ച്കൊണ്ട് അന്നത്തെ വിഷേഷങ്ങൾ പറയണതും, ഇടയ്ക്കുള്ള പിണക്കങ്ങളും...ഒക്കെ

ഓർക്കാറുണ്ട് ഞാൻ,
ഇപ്പോഴും.......

എത്രപ്പെട്ടന്നാണ് രണ്ട് വർഷം പോയത്. ഇങ്ങള് ഇവിടത്തെ കാര്യങ്ങള് വല്ലോം അറിയണിണ്ടോ...?ഒക്കെ കാണുന്നിണ്ടാവും അല്ലെ...? അന്നൊക്കെ "ഇന്ന് ഞാൻ വരുലാ"എന്ന് പറഞ്ഞാൽ വാടാറുള്ള ആ മുഖം ഇപ്പഴും ഓർമ്മയുണ്ട്. അന്നൊക്കെ ആ വാട്ടം ഞാൻ കാര്യമാക്കാറില്ലായിരുന്നു.ഇപ്പോൾ ഇങ്ങള് ഇല്ലാത്തോണ്ട് ആ വാട്ടത്തിൻെറ വിഷമം നിക്ക് മനസ്സിലാവുന്നിണ്ട്. അവസാന കാലത്ത് എന്നും ഇങ്ങളെ കൂടെ നിക്കാൻ പറ്റീലല്ലോന്ന് ഒരു കുറ്റബോധം ഇപ്പോഴും ഇടയ്ക്ക് എന്നെ അലട്ടാറുണ്ട്. എനിക്കറിയാം ഇങ്ങയ്ക്ക് അതിൽ പരിഭവം ഒന്നുമ്മില്ലാന്ന്.....

ഇപ്പോൾ നാട്ടിൽ "ഡ്രാമാ ഫെസ്റ്റ്"തുടങ്ങി.അല്ലെങ്കിൽ എല്ലാ വർഷവും മുടങ്ങാതെ അവിടെ പോകാറുള്ള രണ്ട് പേരാണ് നമ്മൾ, ആദ്യം പോയി സീറ്റ് പിടിക്കാറുള്ളോർ....എന്നാൽ ഈ വർഷം ഞാൻ തനിച്ച്....നാടകം കഴിഞ്ഞിറങ്ങുമ്പോൾ ഇങ്ങളെ ഒരുപാട് മിസ്സ് ചെയ്യുലു...എന്തോരം ഓർമ്മകളാ....അല്ലെ....? ഇങ്ങളെ അടുത്തേക്ക് പെട്ടെന്ന് വരണം എന്ന് പറയാൻ പറ്റാത്ത ഇടത്തേക്ക് അല്ലെ പോയത്....അതോണ്ട് അങ്ങനെ പറയുന്നില്ല...ഇനി ഒരു ജന്മം ഉണ്ടേൽ എൻെറ അമ്മമ്മ ആയി തന്നെ വരണംട്ടോ....നമ്മക്ക് ഒന്നൂടെ അടിച്ച് പൊളിക്കാന്നേ.....

"മരിക്കാത്ത ഓർമ്മകളോടെ..." എന്നൊക്കെ എഴുതണതെന്തിനാ......ഇങ്ങള് എൻെറ കൂടെ തന്നെ ഇല്ലേ....എന്നും.....എപ്പഴും...........

ഒരുപാട്
സ്നേഹത്തോടെ....

അമ്മമ്മയുടെ സ്വന്തം

വേദ

# സൗഹൃദം.

**നീ** കാറ്റായ് മഴയായ് പെയ്തിറങ്ങി
എന്നിലെ മനസ്സിൽ ആഴ്ന്നിറങ്ങി
ഓർമ്മയിൽ എന്നും നിന്നിലെ സൗഹൃദം
കാത്തു സൂക്ഷിക്കുവാൻ ഞാൻ നിൽക്കവേ...

മഴവില്ല് പോലെ നിറമാർന്ന നമ്മൾ
ഇനി എത്ര കാലം കടന്നുപോകും
കാണും മുഖങ്ങളെല്ലാം നീയായ്
എന്നിലെ ഓർമയിൽ നീ മാത്രമായ്

ഇനി എത്ര കാലം കടന്നു പോകും
ഓർമ്മതൻ പുസ്തക താളുകളിൽ
നിൻെറ ആ പുഞ്ചിരി ഒന്ന് മാത്രം
കൂട്ടായ്...താങ്ങായി...നാം രണ്ടു പേർ.

-സാനിയ എസ് എം

# എന്നും എപ്പോഴും

പിടയുന്ന അമ്മയുടെ പ്രാണനിൽ
തിരിച്ചു കിട്ടാത്ത മിഴിനീർ കണങ്ങളും
ദുഃഖത്തിൻ നിമിഷങ്ങളും
അമ്മയുടെ കണ്ണീർമഴയും
മാത്രം ഇന്നെനിക്ക് സ്വന്തം
അമ്മയറിയാതെ ഒന്നും ചെയ്യാത്ത,
എന്നിൽ കുറ്റം ആരോപിച്ചതോടെ
അമ്മയുമായുള്ള ആത്മബന്ധവും-
വിശ്വാസവും എന്ന വിളക്ക് കെടുന്നു
സ്നേഹമായുള്ള വിളക്ക്
കെട്ടുകൊണ്ടേയിരിക്കുന്നു
അമ്മയാണെൻറെ ജീവൻ
അമ്മ മാത്രമാണെൻറെ പ്രാണൻ
അമ്മയുടെ പ്രതീക്ഷയാണ് ഞാൻ
എന്നാൽ ഇപ്പോൾ എനിക്ക് ആ
അമ്മയുടെ കണ്ണീർ മഴ -
മാത്രമാണ്  സ്വന്തം.
ചിരിക്കണം മനസ്സ് തുറന്ന്
കരയണം ആരും കാണാതെ
ക്ഷമിക്കണം എല്ലാവരോടും
തോൽക്കണം സ്നേഹത്തിന്റെ
മുന്നിൽ മാത്രം .

-സഞ്ജന കെ

# ഭൂമി എന്ന അമ്മ

ഭൂമിയാകുന്ന അമ്മ അറിയാതെ നാം ഇന്ന് എന്തെല്ലാം ചെയ്യുന്നു.... ഭൂമി നമ്മെ പ്രസവിച്ച അമ്മ അല്ലെങ്കിലും നാം വസിക്കുന്ന ഭൂമി നമ്മുടെ മാതാവാണ്. എന്നാലും ഇന്ന് ഭൂമിയാകുന്ന അമ്മ അറിയാതെ, അമ്മയുടെ അനുവാദം ഇല്ലാതെ പലകാര്യങ്ങളും ചെയ്യുന്നു, അമ്മയെ നാം വേദനിപ്പിക്കുന്നു. ഭൂമിയെന്ന അമ്മ നമ്മോട് ക്ഷമിച്ചിരുന്നു എന്നാൽ ഈ പ്രവർത്തി നാം തുടർന്നാൽ ഒരു പക്ഷെ അമ്മയുടെ ക്ഷമ നശിച്ചേക്കാം. ഭൂമി അറിയാതെ അല്ലെങ്കിൽ ഭൂമിയുടെ കണ്ണുകൾ തല്ക്കാലത്തേക്ക് മൂടി വെച്ചുകൊണ്ട് നാം ക്രൂരപ്രവർത്തികളായി മരങ്ങൾ വെട്ടുന്നു. പ്രകൃതിയെ നശിപ്പിക്കുന്നു. കാരണം നാം വിചാരിക്കുന്നത് ഭൂമിയാകുന്ന അമ്മ ഇതൊന്നും കാണുന്നില്ല എന്നാണ്, എന്നാലും നാം യാഥാർഥ്യം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രവൃത്തികൾ മാറ്റേണ്ടിയിരിക്കുന്നു പ്രകൃതിയെ സംരക്ഷിക്കേണ്ടിയിരിക്കുന്നു. അമ്മ പ്രതികരിക്കും എന്നതിന്റെ ഒരു മുന്നറിയിപ്പയാണ് 2018ൽ പ്രളയത്തിന്റെ രൂപത്തിൽ വന്നു ചേർന്നത്. എല്ലാവരും മനസ്സിലാക്കേണ്ട ഒരു കാര്യം തന്നെയാണ് ഭൂമി നമ്മുടേതല്ല നാം ഭൂമിയുടേതാണ് എന്ന യാഥാർഥ്യം. അമ്മയാകുന്ന ഭൂമി അറിയാതെ ചെയ്യുന്ന കാര്യങ്ങൾ നമ്മെ നാശത്തിലേക്ക് എത്തിക്കുന്നു എന്നാൽ ഭൂമിയെ സംരക്ഷിക്കുന്നവന് ഭൂമി എന്നും കൈത്താങ്ങാവുന്നു ഇനിയെങ്കിലും നാം ഈ പ്രവൃത്തി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു...

-നിവേദ്യ നവരാജ്

# സമുദ്രം

ആഴങ്ങളുടെ മാധുര്യം കണ്ടുപിടിക്കുന്നു,

അമ്പാടികൾ പൊതുവെ തിളങ്ങുന്നു,

കടലിന്റെ കണ്ണീരും ആവിഷ്കരിക്കുന്നു,

കടലിന്റെ വിശ്വാസം ഞങ്ങൾ തന്നെ കണ്ടുപിടിക്കുന്നു.

അമ്മയുടെ കണ്ണീരും കടലിന്റെ കണ്ണീരും ഒന്നായി,

ആഴങ്ങളുടെ ആവശ്യം അവസാനിക്കുന്നു,


കടലിന്റെ അനന്തതയും അമ്മയുടെ സ്നേഹവും,

എനിക്ക് സ്നേഹം നൽകുന്നു....

-സയോണ സുരേഷ്

# അമ്മ അറിയാതെ

പൗർണ്ണമി രാത്രിയിൽ നിദ്രയാം
യാത്രയിൽ അമ്മയാം താരകം വന്നുദിച്ചു
നിദ്രതൻ യാമങ്ങളിൽ ഞാൻ
നിന്നെ പിന്തുടരുന്നു അമ്മേ..
ഒടുക്കമില്ലാത്ത യാത്രയിൽ
നിൻറ കൺമുനയിൽ ഞാൻ പതറി,
ഇരുട്ടിൻറ മറവിൽ
നിൻെറ കൺമുനയിൽ നിന്ന് ഞാൻ വ്യതിചലിച്ചു.



എന്നിലുണ്ടായ പാപക്കറ
നീ അറിയുന്നുവോ...
പറയാൻ മനം മടിക്കുന്നുണ്ടെങ്കിലും,
ഒരുനാൾ നീ തിരിച്ചറിയുമെന്നു ഞാൻ കരുതി
പറയാൻ അറിയാതെ നീ എന്നിൽ
നിന്ന് വേർപ്പെട്ടതിനാൽ തന്നെ,
പറയാത്തതിനാൽ ഞാൻ ഇന്നും
നീറിപ്പുകയുന്നു.
പവിഴാർദ്രമാക്കി നീ എൻ ജീവൻ
ഒടുക്കം വിണ്ണിലെ ചാരമായി
മാറും മുൻപേ എന്നിലെ പാപിയെ
നീ തിരിച്ചറിഞ്ഞില്ല.
അമ്മ അറിയാതിരിക്കാൻ
കള്ളങ്ങളുടെ മാളിക പണിഞ്ഞു ഞാൻ,
ആ കള്ളങ്ങളുടെ കൊട്ടാരം തകർത്തെറിയാൻ അമ്മ കേവലം
ഓർമ്മയായി.
അമ്മ അറിയാത്തതിൽ, ചേതന മാത്രം
അമ്മ അറിഞ്ഞിരുന്നെങ്കിൽ, ആശ മാത്രം
അമ്മയില്ലെന്ന നിരാശമാത്രമായി
ഈ നിദ്രയിൽ നിന്നു കണ്ണീർ
പുളിപ്പോടെ ഞാൻ ഉണരുന്നു.

-ഷെസ സലീം


# ഇമിറ്റേഷൻ ഗെയിം

'എ' 'ബി' 'സി' എന്നിങ്ങനെ മൂന്ന കളിക്കാർ. എ ഒരാണും ബി ഒരു പെണ്ണുമാണ്. സി ഏതുമാകാം. 'സി'ക്ക് 'എ'യെയോ 'ബി'യെയോ കാണാനാകില്ല. അവരോട് എഴുതി തയ്യാറാക്കിയ കുറിപ്പുകളിലൂടെയും മറ്റും മാത്രം ആശയവിനിമയം നടത്തികൊണ്ട് ഏതാണ് ആണ് ഏതാണ് പെണ്ണ് എന്ന 'സി' തിരിച്ചറിയണം. ഈ കുറിപ്പുകളിലും മറ്റും 'എ'യും 'ബി'യും ആണോ പെണ്ണോ എന്നതിനെ പറ്റി ഒരു വിവരവും ഉണ്ടാകില്ല 'എ' എന്ന കളിക്കാരൻ 'സി'യെ വഴിതെറ്റിക്കാനും 'ബി' സഹായിക്കാനുമാണ് ശ്രമിക്കുന്നത്. രസകരം എന്തെന്നാൽ 'എ' യുടെ ഭാഗം കളിക്കുന്നത് ഒരു കമ്പ്യൂട്ടർ ആണ് !"ഇമിറ്റേഷൻ ഗെയിം" എന്നാണ് കളിയുടെ പേര്.

ഒരു യന്ത്രത്തിന് മനുഷ്യനെ പോലെ ചിന്തിക്കാനാകുമോ എന്ന ശാസ്ത്രജ്ഞന്മാരുടെ ഏറെക്കാലത്തെ സംശയത്തിന് ഇംഗ്ലീഷ് ഗണിത ശാസ്ത്രജ്ഞനും കമ്പ്യൂട്ടർ സയന്റിസ്റ്റുമായ അലൻ ട്യൂറിംഗ് ( Alan turing ) നിർദ്ദേശിച്ച കളിയാണിത് .
'സി' എന്ന കളിക്കാരനെ 'താനാണ് മനുഷ്യൻ' എന്ന നിഗമനത്തിലെത്തിക്കാൻ കൂടെയാണ് ഈ കളിക്കുന്നത്. കളി നിരീക്ഷിക്കുന്ന ജഡ്ജിന് മനുഷ്യനും കമ്പ്യൂട്ടറും തമ്മിൽ വ്യത്യാസം തോന്നാതിരുന്നാൽ കമ്പ്യൂട്ടർ കളിയിൽ വിജയിക്കുന്നു. ഈ കളിയുടെ 'യന്ത്രത്തിന് ചിന്തിക്കാനാകുമോ' എന്നതിലുപരി മനുഷ്യനിൽ നിന്നും വ്യത്യാസം വരാത്ത രീതിയിൽ പ്രവർത്തിക്കാൻ യന്ത്രത്തിന് ആകുമോ എന്നതിനാണ് കളി ഊന്നൽ നൽകുന്നത്. ഇവിടെ ട്യൂണിങ് മറികടക്കാൻ ശ്രമിച്ചത് മനുഷ്യരെപ്പോലെ ആകാൻ ഒരു യന്ത്രത്തിന് ആകുമോ എന്ന വലിയ ചോദ്യത്തെയാണ്. ട്യൂറിങ് കളി നിർദേഷശിച്ച ശേഷം അതിന് ഒരുപാട് സ്വാധീനം ചെലുത്താൻ കഴിയുകയും ഒരുപാട് വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്തു.ഇത് കൃത്രിമ ബുദ്ധിയുടെ ലോകത്തിലെ ആദ്യ ചുവടുവെപ്പുകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാവുകയും ചെയ്തു .


-റഷ റാഷിദ്

# അമ്മയാണ് ഭൂമി

നിലാവിന്റെ വെണ്മയിൽ നറു
ചില്ലകളാൽ പുണരുന്നൊരു ജനനി.
നരകമാം ജീവിതത്തിൽ മഴയായി
പെയിതിറങ്ങുന്ന അമ്മ.

ആഴമുള്ള കടലിലെ നറു മുത്തുകളാൽ
എന്നിൽ നറുപുഞ്ചിരിയേകുന്ന അമ്മ.
ജീവിതമാകുന്ന കടമ്പ കഴിഞ്ഞു
അമ്മയിലേക്ക് ഞാൻ അലിഞ്ഞു
ചേരുന്നു.
ദൗർഭല്യമാം എൻ മനസ്സിൽ
ഇരുട്ടിന്റെ നിഴലുകൾ പതിഞ്ഞപ്പോൾ
നിർമലമാം മനസ്സിനു ഉടമയായ എൻ
അമ്മയെ വാഴ്ത്തി വേരുകൾ
പിഴുതെറിഞ്ഞു ഞാൻ എന്തിനീ
കൊടുംപാപം ചെയിതു ഞാൻ.
കടലിലെ തിരമാലകൾ പോലെ
എനിക്കിന്നി ഈ പാപത്തിൽ
നിന്ന് മോക്ഷമില്ല.
ചതികളുടെ നിഴലിൽപ്പെട്ടെന്നറിയാതെ
കാത്തിരിക്കുകയാണെന്നമ്മ

-ശ്രേയ എം വി

# ശ്യാമുവും ഗോലുവും




മലാനാ എന്ന ചെറുഗ്രാമത്തിൽ ശ്യാമു ,ഗോലു എന്നീ രണ്ട് സഹോദരന്മാർ താമസിക്കുന്നുണ്ടായിരുന്നു.ഗോലു സമ്പന്നനായിരുന്നു, അതുപോലെതന്നെ അവൻ വലിയ അത്യാഗ്രഹിയായിരുന്നു.ശ്യാമു ദരിദ്രനും മാന്യനുമായിരുന്നു.ഒരു ദിവസം,ശ്യാമു കാട്ടിലൂടെ നടക്കുമ്പോൾ കാല് ഒടിഞ്ഞ ഒരു തത്തയെ  കണ്ടെത്തി.ശ്യാമു തത്തയെ എടുത്തു വീട്ടിലേക്ക് കൊണ്ടുപോയി മുറിവുകൾ മരുന്ന് വെച്ചുകൊടുത്തു. കുറച്ചു ദിവസത്തിനുശേഷം തത്ത പൂർണ ആരോഗ്യത്തോടുകൂടി  പറക്കുവാൻ തുടങ്ങി.പിന്നീട് ആ തത്ത കാട്ടിലോട്ട് പറന്നു പോയി മൂന്ന് വിത്തുകൾ  ശ്യാമുവിന് കൊണ്ടുവന്നു കൊടുത്തു.ശ്യാമു അത് നട്ട് വളർത്തി.അത് വളർന്ന് വലിയ മരങ്ങൾ ആയി.ശ്യാമു ആ മരങ്ങൾ മുറിക്കുമ്പോൾ ധാരാളം സ്വർണ്ണ നാണയങ്ങൾ പുറത്തുവന്നു.

ശ്യാമുവിന് സ്വർണനാണയങ്ങൾ ലഭിച്ച വാർത്തയറിഞ്ഞ ഗോലു സ്വർണ്ണനാണയങ്ങളും ലഭിക്കുവാൻ ആഗ്രഹിച്ചു.അയാൾ ഒരു  തത്തയെ  കണ്ടെത്തി അതിന്റെ കാൽ ഒടിച്ചു വീട്ടിൽ കൊണ്ടുപോയി.പാവം തത്ത  ഓടിപ്പോയി 3 വിത്ത് കൊണ്ടുവന്നു.വിത്തുകൾ വളർന്നു,മരങ്ങൾ ആയി ഗോലു  അവയെ വെട്ടുമ്പോൾ പെട്ടെന്ന് രാക്ഷസന്മാർ പുറത്തുവന്ന് ഗോലുവിനെ വടികൊണ്ട് അടിക്കുവാൻ തുടങ്ങി.അടിയേറ്റ് ഗോലു നിലത്തു അവശനായികിടന്നു .അപ്പോഴാണ് അവൻ ഒരു കാര്യം ആലോചിച്ചത് അത്യാഗ്രഹം ഉണ്ടാകുന്നത് ആപത്താണെന്ന്  ഒരു പാഠം പഠിച്ചു....

-റിതുനന്ദ

# പ്രകൃതിയുടെ സൗന്ദര്യം

പ്രകൃതിയുടെ സൗന്ദര്യം അത്ഭുതമാണ്,
മഴപ്പൊഴുള്ള പാതയും മനോഹരമാണ്,
പൂക്കളുടെ നാനാവിത്തുകൾ മനോഹരമാണ്,
പക്ഷികളുടെ ഗാനങ്ങൾ ആനന്ദപൂർവ്വമാണ്.

സൂര്യപ്രകാശം മനോഹരമാണ്,
മൂന്നുകാലങ്ങളിലും അത്ഭുതമാണ്,
നിറഞ്ഞ ആകാശം മനോഹരമാണ്,
പ്രകൃതിയുടെ സൗന്ദര്യം അത്ഭുതമാണ്.

-ശ്രീമിത്ര മനോജ്



# പ്രകൃതി

മഴയും മഞ്ഞും പൂവും പാടുന്നു,
പ്രകൃതിയുടെ സൗന്ദര്യം പ്രകടിപ്പിക്കുന്നു.
പച്ചപ്പൂക്കളും ചെടികളും മഴയും,
സുന്ദരമായ നാട്ടിലെ സൗന്ദര്യം പ്രകടിപ്പിക്കുന്നു.

കാട്ടുകാട്ടുകളും പക്ഷികളും പാടുന്നു,
സ്വന്തമായ സംഗീതം പ്രകടിപ്പിക്കുന്നു.
നദികളും പുഴക്കൾക്കും മഴയും,
സുന്ദരമായ നാട്ടിലെ സൗന്ദര്യം പ്രകടിപ്പിക്കുന്നു.

പ്രകൃതിയുടെ സൗന്ദര്യം അനുഭവിക്കുന്നു,
മനസ്സിലുള്ള സന്തുഷ്ടി പ്രകടിപ്പിക്കുന്നു.
മഴയും മഞ്ഞും പൂവും പാടുന്നു,
സുന്ദരമായ നാട്ടിലെ സൗന്ദര്യം പ്രകടിപ്പിക്കുന്ന

-വേദ അജയ്

# മര്യാദ

പണ്ട് ഒരു ചെറിയ ഗ്രാമത്തിൽ രാജു എന്നൊരു കുട്ടി താമസിച്ചിരുന്നു. മര്യാദയ്ക്കും മാന്യതയ്ക്കും പേരുകേട്ട ആളായിരുന്നു രാജു. എല്ലാവരേയും ഊഷ്മളമായ പുഞ്ചിരിയോടെ അഭിവാദ്യം ചെയ്യുകയും മറ്റുള്ളവരോട് സംസാരിക്കുമ്പോൾ നല്ല വാക്കുകൾ ഉപയോഗിക്കുകയും ചെയ്തു.

ഒരു ദിവസം, ഒരു പുതിയ കുടുംബം ഗ്രാമത്തിലേക്ക് താമസം മാറ്റി. ഇവിടുത്തെ ആചാരങ്ങളും പാരമ്പര്യങ്ങളും അവർക്ക് അപരിചിതമായിരുന്നു. താമസിക്കാൻ ഇടം തേടുന്ന വൃദ്ധദമ്പതികളും ശ്രീമതി ശർമ്മയും അടങ്ങുന്നതാണ് കുടുംബം. എന്തെങ്കിലും മാർഗനിർദേശം തേടി അവർ രാജുവിൻ്റെ വീടിനെ സമീപിച്ചു.

രാജു അവരെ ഇരുകൈയ്യും നീട്ടി സ്വീകരിച്ചു. അദ്ദേഹം അവരുടെ ആശങ്കകൾ ക്ഷമയോടെ കേൾക്കുകയും ഗ്രാമത്തിൽ ലഭ്യമായ ഏറ്റവും മികച്ച താമസസ്ഥലത്തേക്ക് അവരെ നയിക്കുകയും ചെയ്തു. സുഗമമായി താമസിക്കാൻ സഹായിക്കുന്നതിന് പ്രാദേശിക ആചാരങ്ങളും പാരമ്പര്യങ്ങളും വിശദീകരിക്കാൻ അദ്ദേഹം സമയമെടുത്തു.

രാജുവിൻ്റെ ദയയിലും മര്യാദയിലും ആകൃഷ്ടരായ ശ്രീമതി ശർമ്മ എന്നിവർ അദ്ദേഹത്തിൻ്റെ സഹായത്തിന് നന്ദിയുള്ളവരായി തോന്നി. രാജുവിനെയും കുടുംബത്തെയും അവരുടെ പുതിയ വീട്ടിൽ പരമ്പരാഗത അത്താഴത്തിന് ക്ഷണിച്ചുകൊണ്ട് നന്ദി പ്രകടിപ്പിക്കാൻ അവർ തീരുമാനിച്ചു.

അത്താഴസമയത്തും രാജു തൻ്റെ മാന്യമായ പെരുമാറ്റം തുടർന്നു. ശ്രീമതി ശർമ്മയുടെ രുചികരമായ പാചകത്തെ അദ്ദേഹം അഭിനന്ദിക്കുകയും അവരുടെ ഊഷ്മളമായ ആതിഥ്യത്തിന് ശ്രീ ശർമ്മയോട് നന്ദി

പറയുകയും
ചെയ്തു. രാജുവിൻ്റെ വിനയവും മാന്യവുമായ പെരുമാറ്റത്തിൽ ശർമ്മാദികൾ സന്തോഷിച്ചു.

രാജുവിൻ്റെ മര്യാദയുടെ വാക്ക് ഗ്രാമത്തിലുടനീളം പരന്നു, താമസിയാതെ അദ്ദേഹം യുവതലമുറയ്ക്ക് മാതൃകയായി. കുട്ടികൾ അദ്ദേഹത്തിൻ്റെ മാന്യമായ ആംഗ്യങ്ങളും മറ്റുള്ളവരോടുള്ള മാന്യമായ മനോഭാവവും അനുകരിക്കാൻ തുടങ്ങി.

രാജുവിൻ്റെ മര്യാദ അദ്ദേഹത്തിന് ബഹുമാനവും ആദരവും

നേടിക്കൊടുത്തു മാത്രമല്ല ഗ്രാമത്തിനുള്ളിൽ ഐക്യവും ഐക്യവും വളർത്താനും സഹായിച്ചു. ആളുകൾ പരസ്പരം കൂടുതൽ ദയയോടും പരിഗണനയോടും കൂടി പെരുമാറാൻ തുടങ്ങി, സൗഹൃദപരവും സ്വാഗതാർഹവുമായ അന്തരീക്ഷം സൃഷ്ടിച്ചു

കാലക്രമേണ, രാജുവിൻ്റെ ഗ്രാമം മര്യാദയുള്ളവരും മര്യാദയുള്ളവരുമായ താമസക്കാർക്ക് പേരുകേട്ടതായി മാറി.


സന്ദർശകർക്ക് ലഭിച്ച ഊഷ്മളമായ സ്വീകരണവും ഗ്രാമീണർ കാണിച്ച ആത്മാർത്ഥമായ ദയയും അത്ഭുതപ്പെടുത്തി.

രാജുവിൻ്റെ ലളിതമായ പെരുമാറ്റം സമൂഹത്തെ മുഴുവൻ ആഴത്തിൽ സ്വാധീനിച്ചു. മറ്റുള്ളവരുടെ പശ്ചാത്തലമോ പദവിയോ പരിഗണിക്കാതെ അവരോട് ബഹുമാനത്തോടും പരിഗണനയോടും കൂടി പെരുമാറേണ്ടതിൻ്റെ പ്രാധാന്യം അത് എല്ലാവരെയും പഠിപ്പിച്ചു.

അന്നുമുതൽ, ഗ്രാമത്തിൽ മര്യാദ ഒരു വിലപ്പെട്ട മൂല്യമായി മാറി, ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് കൈമാറി.
രാജു എന്ന ചെറുപ്പക്കാരനിൽ നിന്നാണ് ഇതെല്ലാം ആരംഭിച്ചത്, അദ്ദേഹത്തിൻ്റെ ദയയും മര്യാദയും ഒരു ഗ്രാമത്തെ
സൗഹാർദ്ദത്തിൻ്റെയും
സൗഹാർദ്ദത്തിൻ്റെയും സ്ഥലമാക്കി മാറ്റി.

-സഫ ഹനീഫ

# അമ്മ അറിയാതെ



അമ്മേ എൻ മനം, കൊള്ളുമാ വേദന, നഷ്ട്ടതിന്റെ വേദന
എന്നെ നൊന്ത് പ്രസവിച്ചന്നെ
ഓമനായാൽ വളർത്താവേ
സ്നേഹം കൊണ്ടെന്നെ പുനരുമാമുഖത്തെ എൻ
മനസ്സിൽ പൂജിച്ചു...
ഒരു നാൾ എൻ മനസ്സിലൊരു മോഹം.
മധുരം നുണയാനുള്ള മോഹം...
അമ്മെയിൻ കുടുകയിൽ നിന്നൊരാ പണമെടുത്ത്
എൻ മോഹം ഞാൻ സഫലമാക്കി.
-ഷിഫാന

# മനുഷ്യത്വം

പണ്ട്, കേരളത്തിലെ
പച്ചപ്പ് നിറഞ്ഞ
വയലുകൾക്ക് നടുവിലുള്ള
ഒരു ചെറിയ ഗ്രാമത്തിൽ
രാജൻ എന്ന ദയാലുവായ
ഒരു മനുഷ്യൻ
ജീവിച്ചിരുന്നു. എല്ലാ
ജീവജാലങ്ങളോടും
കരുണയും
സഹാനുഭൂതിക്കും രാജൻ
അറിയപ്പെട്ടിരുന്നു.
അവൻ
മനുഷ്യത്വത്തിൻ്റെ
ശക്തിയിൽ വിശ്വസിച്ചു,
ആവശ്യമുള്ളവരെ
സഹായിക്കാൻ എപ്പോഴും
തൻ്റെ വഴിയിൽ നിന്നു.
ഒരു ദിവസം,
വിനാശകരമായ
വെള്ളപ്പൊക്കം ഗ്രാമത്തെ
ബാധിച്ചു, നിരവധി
ആളുകളെ ഭവനരഹിതരും
നിരാശരുമാക്കി.
ഗ്രാമം മുഴുവനും
അരാജകത്വത്തിലായിരുന്നു
, ആളുകൾ അഭയവും
ഭക്ഷണവും തേടുന്നു. മനസ്സ്
നിറയെ
സഹാനുഭൂതിയോടെ
രാജൻ നടപടിയെടുക്കാൻ
തീരുമാനിച്ചു.

പ്രളയത്തിൽ എല്ലാം
നഷ്ടപ്പെട്ടവർക്കായി
അദ്ദേഹം തൻ്റെ എളിയ
വീട് തുറന്നുകൊടുത്തു.
അവൻ അവർക്ക്
ഭക്ഷണവും വസ്ത്രവും
സുരക്ഷിതമായ
താമസസ്ഥലവും നൽകി.
ജാതിയുടെയോ
മതത്തിൻ്റെയോ
സാമൂഹിക
നിലയുടെയോ
അടിസ്ഥാനത്തിൽ രാജൻ
വിവേചനം കാണിച്ചില്ല.
പ്രതിസന്ധി ഘട്ടങ്ങളിൽ
ഓരോ മനുഷ്യനും
സ്നേഹവും പിന്തുണയും
അർഹിക്കുന്നുണ്ടെന്ന്

അദ്ദേഹം വിശ്വസിച്ചു.
രാജൻ്റെ നിസ്വാർത്ഥ
പ്രവർത്തികളെക്കുറിച്ച് ഗ്രാമം
മുഴുവൻ പരന്നു, താമസിയാതെ,
അയൽ ഗ്രാമങ്ങളിൽ
നിന്നുള്ളവരും
അദ്ദേഹത്തിൻ്റെ സഹായം
തേടാൻ തുടങ്ങി. തൻ്റെ
ഗ്രാമത്തിനപ്പുറം തൻ്റെ ദയ
നീട്ടാൻ രാജൻ മടിച്ചില്ല.
ദുരിതാശ്വാസ ക്യാമ്പുകൾ
സംഘടിപ്പിക്കുകയും
സംഭാവനകൾ
ശേഖരിക്കുകയും
പ്രളയക്കെടുതിയിൽ
അകപ്പെട്ടവരെ സഹായിക്കാൻ
അക്ഷീണം പ്രയത്നിക്കുകയും
ചെയ്തു.

അവൻ്റെ മനുഷ്യത്വപരമായ
പ്രവൃത്തികൾ അവിടെ
അവസാനിച്ചില്ല.
പ്രായമായവരെയും
രോഗികളെയും
സഹായിക്കാനും രാജൻ
തൻ്റെ സമയം നീക്കിവച്ചു.
അദ്ദേഹം ആശുപത്രികൾ
സന്ദർശിക്കുകയും
രോഗികൾക്കൊപ്പം
സമയം ചെലവഴിക്കുകയും
അവർക്ക് ആശ്വാസവും
സാന്ത്വനവും നൽകുകയും
ചെയ്തു. ദയയുടെ ഒരു
ലളിതമായ പ്രവൃത്തി
ഒരാളുടെ ജീവിതത്തിൽ
പ്രതീക്ഷയുടെ ഒരു
കിരണങ്ങൾ
കൊണ്ടുവരുമെന്ന് അദ്ദേഹം
വിശ്വസിച്ചു.
മാനവികത പ്രചരിപ്പിക്കുക
എന്ന തൻ്റെ ദൗത്യത്തിൽ
അവനോടൊപ്പം ചേരാൻ
രാജൻ്റെ പ്രവർത്തനങ്ങൾ
ഗ്രാമത്തിലെ
മറ്റുള്ളവർക്ക് പ്രചോദനമായി.
അവർ ഒരുമിച്ച്,
അധഃസ്ഥിതരുടെ
ഉന്നമനത്തിനും കുട്ടികൾക്ക്
വിദ്യാഭ്യാസം നൽകുന്നതിനും
പ്രായമായവരെ
പിന്തുണയ്ക്കുന്നതിനും വേണ്ടി
പ്രവർത്തിക്കുന്ന ഒരു
കമ്മ്യൂണിറ്റി രൂപീകരിച്ചു.

വർഷങ്ങൾ കഴിഞ്ഞപ്പോൾ
രാജൻ്റെ ഗ്രാമം

മനുഷ്യത്വത്തിൻ്റെയും
കാരുണ്യത്തിൻ്റെയും
ഉജ്ജ്വല മാതൃകയായി.
രാജനും സമൂഹവും നടത്തുന്ന
അവിശ്വസനീയമായ
പ്രവർത്തനങ്ങൾക്ക്
സാക്ഷ്യം വഹിക്കാൻ
ദൂരദിക്കുകളിൽ നിന്നും
ആളുകൾ എത്തിയിരുന്നു.
ഗ്രാമം സ്നേഹത്തിൻ്റെയും
ദയയുടെയും
ഐക്യത്തിൻ്റെയും
കേന്ദ്രമായി മാറി.
രാജൻ്റെ മാനവികതയുടെ
പൈതൃകം തലമുറകൾക്ക്
പ്രചോദനമായി.
സഹജീവികളോടുള്ള
സഹാനുഭൂതിയുടെയും
അനുകമ്പയുടെയും
പ്രാധാന്യത്തെക്കുറിച്ച്
അവരെ ഓർമ്മിപ്പിച്ചുകൊണ്ട്
അദ്ദേഹത്തിൻ്റെ കഥ
മാതാപിതാക്കളിൽ നിന്ന്
കുട്ടികളിലേക്ക് കൈമാറി.

അങ്ങനെ, മാനവികതയ്ക്ക്
അതിരുകളില്ലെന്നും ദയയുടെ
ഒരു പ്രവർത്തിയ്ക്ക് ഒരു
അലയൊലി സൃഷ്ടിക്കാനും
ജീവിതത്തെ മാറ്റിമറിക്കാനും
ആളുകളെ
സ്നേഹത്തിൻ്റെയും
അനുകമ്പയുടെയും
ആത്മാവിൽ ഒരുമിപ്പിക്കാനും
കഴിയുമെന്ന്
ലോകത്തെ
പഠിപ്പിച്ചുകൊണ്ട് രാജൻ
ഗ്രാമം പ്രതീക്ഷയുടെ
വിളക്കായി മാറി.
-സിയ അബ്ദുള്ള

# നിഴൽ

ഞാൻ ചിരിച്ചപ്പോളെൻ കൂടെ ചിരിച്ചും
ഞാൻ കരഞ്ഞപ്പോഴെൻ കൂടെ കരഞ്ഞും
കോപാത്താൽ ഞാനുറഞ്ഞുതുള്ളുമ്പോൾ
കൂടെയെൻ ചാരത്തായുറഞ്ഞുതുള്ളിയും
എൻ വികാരങ്ങളെല്ലാമെയും
നിന്റേതുമെന്നപോൽ അനുകരിച്ചും
എൻ കൂടെയെൻകൈകൾ കോർത്തുപിടിച്ചു നീ
എൻ യാത്രകൾ തന്റെ കൂടെ വന്നു
കാടും കടലും മലയും നടന്നു നാം
ചാരത്തു ചാരത്തായ് എന്നുമെന്നും
എന്റെ സന്തോഷങ്ങളെന്റെ സന്താപങ്ങ-
ളോക്കെയും നിന്റെയും ഭാഗമായി
ഒറ്റക്കിരുന്നുതീർക്കുന്നൊരാ രാത്രികൾ
നിൻകൂടെ കളിചിരികൾതൻ നേരമായ്
എൻകൈകളേന്തിയെൻ മുൻപേയും
പിൻപെയും ചുരുണ്ടും നിവർന്നും
നീയെന്നും വന്നു .
എൻകൈകളേന്തിയെൻ മുൻപേയും
പിൻപെയും ചുരുണ്ടും നിവർന്നും
നീയെന്നും വന്നു .
ഉറ്റ ചങ്ങാതിമാർ നമ്മൾ, അപരന്റെ
ജീവൻതൻ പാതിപോൽ നീങ്ങിടുന്നോർ
കണ്ടൊരു നാളുതൊട്ടെൻകൂടെയായി
എന്നൊത്തുനടന്നു ആ കൂട്ടുകാരി
എൻ നിഴൽ പോലവേ എന്നുമെൻ ചാരത്തായി
കൂടെ നടന്നൊരെൻ കൂട്ടുകാരി.

# തിരിച്ചറിവ്



ഏകദേശം 7-8 പ്രായമുള്ള ഒരു ആൺകുട്ടിയെകുറിച്ചാണ് ഈ കഥ. അവനെ ഞാൻ ആദ്യമായി കാണുന്നത് ബസ്സ്റ്റോപ്പിൽ വച്ചാണ്. ഞാനും അമ്മയും അച്ഛനും കൂടി രാവിലെ 6 മണിക്ക് കോഴിക്കോട് പോകാനായി ബസ് കാത്തുനിൽക്കുകയായിരുന്നു. അപ്പോഴാണ് ഞാൻ ആ ബാലനെ കണ്ടത്. കീറിയതും മുഷിഞ്ഞതുമായ ഷർട്ടും ട്രൗസറും ധരിച്ച് ഒരു ചായപാത്രവുമായി ചായ വിൽക്കുകയാണ് അവൻ. അവന്റെ വേഷം കണ്ട് ആരും അവനെ ശ്രദ്ധിക്കുന്നില്ല. അവനോട് ചായ വാങ്ങുന്നും ഇല്ല. അവനെ കണ്ടപ്പോൾ തന്നെ എനിക്ക് മാനസ്സിലായി ഒരു ചായ പോലും വിറ്റിട്ടില്ല എന്ന്. അവനോട് കാര്യങ്ങൾ അന്വേഷിക്കാനായി ഞങ്ങൾ അവന്റെ അടുത്തേക്ക് ചെന്നു. അപ്പോഴാണ് ഞങ്ങൾ അറിഞ്ഞത് ഈ ചായ വിറ്റ് കഴിഞ്ഞിട്ട് വേണം സ്കൂളിൽ പോകാനും വീടിലേക്കുള്ള പണം എത്തിക്കാനും പിന്നെ അവന്റെ ആഗ്രഹം ഒരു ഐ.എ.എസ് ഓഫീസറായി പാവങ്ങളെ സഹായിക്കണം എന്നാണ്. ഇതൊക്കെ കേട്ടപ്പോൾ എനിക്ക് വളരെ അധികം ദുഃഖം തോന്നി. കാരണം അവൻ തന്റെ പഠനവും ജോലിയും ഒരുപോലെ കോണ്ടുപോകുന്നു. ഇതൊക്കെ നോക്കുമ്പോൾ നാം എത്ര ഭാഗ്യം ചെയ്തവരാണ്. നമ്മുക്ക് എല്ലാ സുഖസൗകര്യങ്ങളുമുണ്ട്. പക്ഷെ നാം അത് ദുരുപയോഗം ചെയ്യുന്നു. എന്നാൽ ഈ ലോകത്ത് ഇങ്ങനെയുള്ള സുഖസൗകര്യങ്ങൾ അനുഭവിക്കാൻ കൊതിക്കുന്ന ഒരുപാട് കുട്ടികളുണ്ട്. അതുകൊണ്ട് നമ്മുക്ക് ഉള്ള സൗകര്യങ്ങളിൽ തൃപ്തിപ്പെടുക അല്ലാതെ കിട്ടാത്തത് ഓർത്ത് ദുഖിക്കരുത്.

– ഗീതിക .ആർ

# വ്യർത്ഥമായി

ആർക്കോവേണ്ടി കൊഴിഞ്ഞ ഇലകൾ

നിരത്തിലനക്കമറ്റ് കിടന്നു

പറക്കമറ്റ കിളികൾ കലപില കൂട്ടി

എവിടെ നിന്നോവൊരു വേഴാമ്പൽ കിളി

പ്രാണവേദനയാൽ തേങ്ങി

ആകാശത്തിൽ തീ മഴ പെയ്തു

ഹൃദയത്തിൽ കൽ മഴ പെയ്തു

കാർമേഘങ്ങൾ

പെയ്തൊഴിയാനാവാതെ

ആർക്കോ വേണ്ടി കാത്തു.....

മനുഷ്യ മൃഗങ്ങൾ പാതയോരം കടന്നു

ഞെരിഞ്ഞമർന്ന ഇലകൾ

വെറുതെ എന്തിനോ സാക്ഷികളായി

വ്യർത്ഥമായി ആ ജീവിതങ്ങൾ....

–ദേവിക എൻ കെ

## ഉയരങ്ങളിലേക്ക് ...

ഒരിടത്തരം കുടുംബത്തിലെ നാലു മക്കളിൽ മൂത്തയാളുടെ മകളായി മീന ജനിച്ചു .ഓർമ്മവച്ച നാൾ മുതൽ അവൾ അമ്മ വീട്ടിലാണ് കളിച്ചതും വളർന്നതും. അവളുടെ അച്ഛൻ കൂലിപ്പണിക്കാരൻ ആയിരുന്നു. അമ്മയാവട്ടെ അച്ഛനുമായി പിണങ്ങി സ്വന്തം വീട്ടിലും. അവളുടെ അമ്മ അവൾക്ക് സ്വന്തം മോളാണെന്നുള്ള പരിഗണന പോലും നൽകിയില്ല. അവളുടെ ഒരു കാര്യത്തിലും ശ്രദ്ധ ചെലുത്തിയതും ഇല്ല. അമ്മൂമ്മ ആയിരുന്നു അവളുടെ ലോകം.

അവൾക്ക് ആറു വയസ്സുള്ളപ്പോൾ അവളുടെ അപ്പൂപ്പൻ മരണമടഞ്ഞു. അവളുടെ ബാല്യം മറ്റുള്ള കുട്ടികളുടേതുപോലെ നിറമാർന്നതായിരുന്നില്ല.

അവൾ ആഗ്രഹിച്ച പോലെ ഭക്ഷണമോ ഉടുപ്പോ ഒന്നും അവൾക്ക് ലഭിച്ചിരുന്നില്ല. അമ്മൂമ്മ അവളെ തൊട്ടടുത്തുള്ള സ്കൂളിൽ ചേർത്തു. പഠനത്തിൽ അവൾ ഏറെ താൽപര്യം കാണിച്ചു. അവൾ പഠനത്തിൽ മറ്റുള്ള കുട്ടികളെക്കാൾ മുന്നിലെത്തി. എന്നാൽ അവളുടെ അമ്മയുടെയും അച്ഛന്റെയും പേരിൽ അവൾക്ക് ഏറെ പരിഹാസം ഏറ്റുവാങ്ങേണ്ടിവന്നു. എന്നാൽ ഇതൊന്നും അവളെ ബാധിച്ചതേയില്ല. ഈ പരിഹാസവും അപമാനവും എല്ലാം അവളുടെ മനസ്സിലെ സ്വപ്നങ്ങൾ ആകുന്ന തീയെ ആളിക്കത്തിച്ചു കൊണ്ടേയിരുന്നു. തന്റെ പഠനത്തിലൂടെ മാത്രമേ തനിക്ക് അംഗീകാരം ലഭിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം അവൾ തിരിച്ചറിഞ്ഞു. ചെറുപ്രായത്തിൽ [illegible] അവളെ ഏറെ ചിന്തിപ്പിച്ചു. അവൾ ഉയർന്ന മാർക്ക് നേടി നഗരത്തിലെ ഏറ്റവും നല്ല സ്കൂളിൽ അഡ്മിഷൻ എടുത്തു. അവിടെയും തന്റെ പഠനത്തിലൂടെയും തന്റെ കഴിവുകളിലൂടെയും അവളെ കളിയാക്കിയ ഓരോ ആളുടെയും വാക്കുകൾ തിരിച്ചെടുപ്പിച്ചു.പിന്നീട് അവൾ ഒരു വാക്കിനു മുന്നിലും തളർന്നില്ല. അവൾ തന്റെ കഴിവുകളെ മുറുകെ പിടിച്ചു കൊണ്ട് വിദേശത്തേക്ക് ഉന്നത പഠനത്തിനായി പറന്നു. പണ്ട് അവളെ പരിഹസിച്ച എല്ലാവരും അവളെ ബഹുമാനത്തോടെ നോക്കിക്കണ്ടു. ഇന്ന് അവൾ ആഗ്രഹിച്ച പോലെയുള്ള നല്ലൊരു ജീവിതത്തിൽ എത്തിയപ്പോഴേക്കും അവളുടെ പ്രിയപ്പെട്ട അമ്മുമ്മ അവളെ വിട്ടു പോയിരുന്നു. ഇന്ന് അവളുടെ അമ്മയ്ക്ക് അവളെ വേണം, അവളുടെ കൂട്ടുകാർക്ക് അവളെ വേണം, സമൂഹത്തിന് അവളെ വേണം.

പക്ഷേ അവൾകൂടെ വേണം എന്ന് ആഗ്രഹിച്ച ആൾ ഇന്ന് ഈ ലോകത്തില്ല. അവൾ അവളുടെ ജീവിതത്തിൽ ഉണ്ടായ ഓരോ നേട്ടങ്ങളെയും വിജയങ്ങളെയും മനസ്സിൽ ധ്യാനിച്ചുകൊണ്ട് ഡോക്ടർ എപിജെ അബ്ദുൽ കലാമിന്റെ വാക്കുകൾ ഓർത്തു " ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നങ്ങൾ, മറിച്ച് ഉറക്കം കെടുത്തുന്നത് എന്തോ അതാണ് സ്വപ്നങ്ങൾ".....

-ശിവന്യ പ്രദീപ്

# നന്ദി...

ഓരോ മനുഷ്യരുടെയും മനസ്സിൽ ആരും അറിയാത്ത ഒട്ടനവധി കഴിവുകൾ ഉണ്ടായിരിക്കും. അങ്ങനെ ഞങ്ങളുടെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും ഉള്ളിൽ പതിഞ്ഞിയിരുന്ന ആ സർഗാത്മകമായ കലാസൃഷ്ടിയെ കലകളാൽ സമൃദ്ധമായ ഈ ഭൂമിയിലേക്ക് എത്തിക്കാൻ ഈ മാഗസീൻ സഹായിച്ചു. ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും സാഹിത്യങ്ങളാൽ പേജുകൾ കവിഞ്ഞൊഴുകി. ഈ മാഗസീൻ കലാബോധം വർദ്ധിപ്പിക്കാനും അതോടൊപ്പം തന്നെ മലയാളം ടൈപ്പിംഗ് കൂടുതൽ പരിജിതമാക്കാനും പ്രയോജകമായി.കൂടാതെ സ്ക്രൈബസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ഒട്ടനവധി പുതിയ കാര്യങ്ങൾ തൊട്ടറിയാൻ സാധിച്ചു.

ഈ പ്രവർത്തനം ഭംഗിയായി പൂർത്തികരിക്കാൻ സാധിച്ചത് ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും കഠിനധ്വാനത്തിന്റെ ഫലം മാത്രം. കൂടാതെ ആവശ്യമായ പരിശീലനം നൽകി കൂടെ നിന്ന അധ്യാപകർക്കും ഒൻപതാം ക്ലാസ്സിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും പേരിൽ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു....

# നന്ദിയോടെ........

